VOL NO: 09
ISSUE 43
2025 OCTOBER 25
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

അറിവിൽ ആസ്വാദനം കണ്ടെത്തുക



# യാത്ര: ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ

ഇസ്‌ലാമിക വീക്ഷണപ്രകാരം യാത്രയ്ക്ക് ഒരുപാട് മാനങ്ങളുണ്ട്. ഒരാളുടെ വ്യക്തിത്വത്തെ നിർണയിക്കാനുള്ള, കർമശാസ്ത്ര വിഷയങ്ങളിലടക്കം ഇളവനുവദിച്ചിട്ടുള്ള സുപ്രധാന ഏകകമായിട്ടാണ് ഇസ്‌ലാം യാത്രയെ കണക്കാക്കുന്നത്. അതുകൊണ്ട് തന്നെയാണ് യാത്രയ്ക്ക് പ്രമാണങ്ങൾ കൃത്യമായ നിയമങ്ങൾ നിർമിച്ച് നൽകിയിട്ടുള്ളത്.

**ചിറകരിഞ്ഞവരുടെ നൊമ്പരങ്ങൾ**

**ബഹുസ്വരതയോടുള്ള ആർഎസ്എസ് സമീപനം**

**ഫലസ്തീൻ; സയണിസം തനിനിറം തുറന്നുകാട്ടിയിരിക്കുന്നു**




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

457

# നേർപഥം
വാരിക

2025 ഒക്ടോബർ 25
1447 ജമാദുൽ അവ്വൽ 03
പുസ്തകം 09 / ലക്കം 43






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**





അമീന തൻസീം, ജിദ്ദ

ഇസ്‌ലാമിക വീക്ഷണപ്രകാരം യാത്രയ്ക്ക് ഒരുപാട് മാനങ്ങളുണ്ട്. ഒരാളുടെ വ്യക്തിത്വത്തെ നിർണയിക്കാനുള്ള, കർമശാസ്ത്ര വിഷയങ്ങളിലടക്കം ഇളവനുവദിച്ചിട്ടുള്ള സുപ്രധാന ഏകകമായിട്ടാണ് ഇസ്‌ലാം യാത്രയെ കണക്കാക്കുന്നത്. അതുകൊണ്ട് തന്നെയാണ് യാത്രയ്ക്ക് പ്രമാണങ്ങൾ കൃത്യമായ നിയമങ്ങൾ നിർമിച്ച് നൽകിയിട്ടുള്ളത്.


**04** മുഖമൊഴി
ഫലസ്തീൻ; സയണിസം തനിനിറം തുറന്നുകാട്ടിയിരിക്കുന്നു

**05** കവിത
വരും, വരാതിരിക്കില്ല!
സഫാ ബിൻത് നജീബ്

**06** ലേഖനം
അറിവിൽ ആസ്വാദനം കണ്ടെത്തുക
മർവാൻ ബിൻ അബ്ദുൽ മജീദ്

**08** കഥ
ചിറകരിഞ്ഞവരുടെ നൊമ്പരങ്ങൾ
ഫാത്തിമ ഷഹല പി.

**16** പഠനം
മുഹമ്മദ് നബി(സ്വ): സ്വഭാവവും വ്യക്തിത്വവും
സലീം പട്‌ല

**18** ലേഖനം
ഇസ്‌ലാമോഫോബിയക്ക് വളം നൽകുന്ന സ്‌കൂൾ പി.റ്റി.എകൾ
ഇ. യൂസുഫ് സാഹിബ് നദുവി ഓച്ചിറ

**22** ലേഖനം
ബഹുസ്വരതയോടുള്ള ആർഎസ്എസ് സമീപനം
മുജീബ് ഒട്ടുമ്മൽ

**24** ലേഖനം
നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**26** കർമപഥം
ശഹാദത്ത് അഥവാ സാക്ഷ്യം
അബ്ദുൽ ജബ്ബാർ മദീനി


**28** ചലനങ്ങൾ
പ്രൊഫ്കോണോർമകൾ
ഡോ. ഷഹബാസ് കെ അബ്ബാസ്

**30** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅദി
സൂറതു ഖസ്വസ്വ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
മോഹം
നസീമ വാടാനപ്പള്ളി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



മുഖമൊഴി

# ഫലസ്തീൻ; സയണിസം തനിനിറം തുറന്നുകാട്ടിയിരിക്കുന്നു

ജനിച്ചുവളർന്ന ഫലസ്തീൻ നാട്ടിൽ സമാധാനത്തോടെ ജീവിച്ചിരുന്ന ജനങ്ങളെ ആട്ടിയോടിച്ച് അധിനിവേശം നടത്തിയവരാണ് സയണിസ്റ്റുകൾ. 1948ൽ ഫലസ്തീൻ പ്രദേശങ്ങൾ രണ്ടായി പകുത്ത് ഇസ്രയേൽ, ഫലസ്തീൻ എന്നീ രാഷ്ട്രങ്ങൾ രൂപീകരിക്കുകയാണ് ഐക്യരാഷ്ട്ര സഭ ചെയ്തത്.

അതോടെ ഫലസ്തീൻകാരുടെ പൗരത്വം ഛിന്നഭിന്നമായി. 1948 മെയ് 15ന് ഇസ്രയേലും അറബ് രാഷ്ട്രങ്ങളും തമ്മിലുണ്ടായ ഏറ്റുമുട്ടലിനിടെ ഐക്യരാഷ്ട്ര സഭ നിർണയിച്ച അതിർത്തി ഇസ്രയേൽ വർധിപ്പിച്ചു. 1967ൽ ഗാസയും വെസ്റ്റ്ബാങ്കും ഗോലാൻ കുന്നുകളും ഇസ്രയേൽ പിടിച്ചെടുത്തു. ജോർദാന്റെ ഭാഗമായിരുന്ന കിഴക്കൻ ജറുസലേമും അവർ കൈയടക്കി. അതോടെ ഇസ്രയേലിനകത്തെ ഫലസ്തീനികൾ, ഇസ്രയേൽ കീഴടക്കിയ സ്ഥലത്തെ ഫലസ്തീനികൾ, ഇസ്രയേൽ കീഴടക്കി ഇസ്രയേലി നിയമങ്ങൾ ബാധകമാക്കിയ സ്ഥലത്തെ (കിഴക്കൻ ജറുസലേം) ഫലസ്തീനികൾ, ഇസ്രയേലിന്റെ മേൽനോട്ടത്തിൽ ഫലസ്തീൻകാർക്ക് പരിമിതമായ സ്വയംഭരണാവകാശം നൽകിയ (ഗസ്സ, ജെറിക്കോ) പ്രദേശത്തെ ഫലസ്തീനികൾ എന്നിങ്ങനെ നാലുതരം പൗരന്മാരായി ഫലസ്തീനികൾ മാറി.

ഇസ്രയേലിന്റെ കോളനിവാഴ്ച ആരംഭിച്ചതു മുതൽ തുടങ്ങിയതാണ് ഫലസ്തീനികളുടെ ചെറുത്തുനിൽപ്. ജനിച്ചുവളർന്ന നാടിന്റെ സ്വാതന്ത്ര്യത്തിനായി പൊരുതുന്ന ഫലസ്തീനികളെ അക്രമികളായും അധിനിവേശം നടത്തിയ അക്രമികളായ ഇസ്രയേലികളെ സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുന്നവരുമായി മാത്രമെ എന്നും പാശ്ചാത്യമാധ്യമങ്ങളും രാഷ്ട്രങ്ങളും ചിത്രീകരിച്ചിട്ടുള്ളൂ.

ഫലസ്തീനികളെ ഉന്മൂലനാശം വരുത്തി മുഴുവൻ പ്രദേശവും തങ്ങളുടേതാക്കുക എന്ന ലക്ഷ്യമാണ് ഇസ്രയേലിനുള്ളത്. ഫലസ്തീനി ബാലന്മാരെ തിരഞ്ഞുപിടിച്ച് വധിക്കുന്നതിനു പിന്നിൽ ഈയൊരു ലക്ഷ്യമാണുള്ളത്. ഇസ്രയേൽ നിരന്തരം വ്യോമാക്രമണം നടത്തി ഫലസ്തീൻ ജനങ്ങളെ കൊന്നൊടുക്കുകയും അവരുടെ ഭവനങ്ങൾ തകർക്കുകയും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു.

പലതവണ വെടിനിര്‍ത്തല്‍ ധാരണ നിലവില്‍വന്ന് മണിക്കൂറുകള്‍ക്കകം കരാര്‍ ലംഘിച്ച് ഫലസ്തീനിലെ അനേകം കേന്ദ്രങ്ങളില്‍ വ്യോമാക്രമണം നടത്തി ആയിരക്കണക്കിന് ഫലസ്തീനികളെ കൊന്നിട്ടുണ്ട്. അതില്‍ ഏറെയും കുട്ടികളടക്കമുള്ള സിവിലിയന്മാരാണ്. അനേകായിരങ്ങള്‍ അഭയാര്‍ഥികളായി അലയുകയാണ്.

ഇത്തരമൊരു ഘട്ടത്തിലാണ് 2023 ഒക്ടോബറില്‍ ഹമാസ് ഇസ്രയേലിനെ അക്രമിച്ചത്. നിരപരാധികളെ കൊന്നതിനെ നമുക്ക് ന്യായീകരിക്കാനാവില്ല. ഹമാസിന്‍റെ നയനിലപാടുകളോട് നമുക്ക് യോജിക്കാന്‍ കഴിയില്ല. ഫലസ്തീനികളെ കൊന്നൊടുക്കുന്നതിന്‍റെ തീവ്രത വര്‍ധിപ്പിക്കാന്‍ അവരുടെ ആക്രമണം കാരണമായി എന്നതില്‍ തര്‍ക്കമില്ല. എന്നാല്‍ നീണ്ട ഏഴു പതിറ്റാണ്ടു കാലമായി നിരന്തരം തങ്ങളുടെ നാടു വീടും കൈയേറിക്കൊണ്ടിരിക്കുന്ന, പിഞ്ചു മക്കളെ തിരഞ്ഞുപിടിച്ച് കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന ഇസ്രയേലിന് തിരിച്ചടി കൊടുക്കുക എന്നതിനെ ഫലസ്തീനികള്‍ തെറ്റായി കാണുന്നുണ്ടാകില്ല. ഇസ്രായേലാകട്ടെ ആ അവസരം നന്നായി ഉപയോഗിച്ചു. ഒടുവില്‍ വെടിനിര്‍ത്തല്‍ കരാറില്‍ ഒപ്പിട്ടു. ഇസ്രായേലിന്‍റെ തനിനിറം അറിയാവുന്നവരൊക്കെ അപ്പഴേ പറഞ്ഞു; കരാര്‍ ലംഘിച്ച ചരിത്രമേ ഇസ്രായേലിനുള്ളൂ എന്ന്. അങ്ങനെ തന്നെ സംഭവിച്ചിരിക്കുന്നു. ഒരു മണിക്കൂര്‍ നേരം പോലും തികയും മുമ്പ് ആക്രമണം തുടര്‍ന്നു. ഇപ്പോഴിതാ റഫാ അടക്കം ഗസ്സയിലെ വിവിധയിടങ്ങളില്‍ ഇസ്രായേല്‍ പോര്‍വിമാനങ്ങള്‍ ബോംബിട്ട് നിരവധി ഫലസ്തീനികളെ കൊന്നിരിക്കുന്നു. ഗസ്സയിലുള്ള ഇസ്രായേല്‍ സൈനികരില്‍ 2 പേര്‍ കൊല്ലപ്പെട്ടുവെന്നും ഇതിനു പിന്നില്‍ ഹമാസാണെന്ന് ആരോപിച്ചുമാണ് ആക്രമണം. എന്നാല്‍ ഹമാസ് ഇക്കാര്യം നിഷേധിച്ചിട്ടുണ്ട്. സയണിസ്റ്റുകള്‍ക്ക് ഫലസ്തീനികളെ കൊല്ലുവാന്‍ കാരണമൊന്നും വേണ്ട, ഫലസ്തീനികളാണ് എന്നതുതന്നെ അവര്‍ക്ക് കൊല്ലുവാനുള്ള മതിയായ കാരണമാണല്ലോ.

കവിത

# വരും, വരാതിരിക്കില്ല!



സഫാ ബിന്‍ത് നജീബ്
(സല്‍സബീല്‍ അറബിക് കോളേജ്, വെങ്കിടങ്ങ്)

നീ എന്നെ പിടികൂടുമ്പോള്‍
എന്‍റെ പ്രായം നീ നോക്കില്ല,
എന്‍റെ ആരോഗ്യമോ
സൗന്ദര്യമോ പരിഗണിക്കില്ല.
എനിക്ക് എന്തെല്ലാം ഇനി ചെയ്യാന്‍
ബാക്കിയുണ്ടെന്നത് നോക്കില്ല
എന്‍റെ വേണ്ടപ്പെട്ടവരുടെ
കണ്ണുനീര്‍ നീ കാണുകയില്ല.
സര്‍വശക്തന്‍ തീരുമാനിച്ച
ഭൂമിയിലെ എന്‍റെ കാലാവധി തീരുമ്പോള്‍
നീ വരാതിരിക്കില്ലല്ലോ.
അതെ, എല്ലാ ശരീരവും മരണത്തെ
ആസ്വദിക്കുക തന്നെ ചെയ്യും.
ആറടി മണ്ണിലെ, എന്‍റെ പുതിയ വീട്ടിലേക്ക്
എന്നെ കൊണ്ടുപോകുമ്പോള്‍
എന്‍റെ കൂടെ പോരുന്നവരെല്ലാം
തിരിച്ചു പോരും, എന്നെ തനിച്ചാക്കി!
അവിടെ എനിക്ക് കൂട്ടായി ഉണ്ടാവുക
എന്‍റെ സല്‍കര്‍മങ്ങള്‍ മാത്രം!

കാത്തിരിക്കുകയാണ്
നിനക്കുവേണ്ടി ഞാന്‍!
ഒരുനാള്‍ നീയെത്തും;
എന്നെ കൊണ്ടുപോകാന്‍.
അന്നെന്നെ യാത്രയയക്കുന്നവര്‍
എന്‍റെ ശരീരത്തിലെ ആഭരണമെല്ലാം
അഴിച്ചെടുക്കും,
ഞാനുടുത്തിരുന്ന, എനിക്കിഷ്ടപ്പെട്ട
വസ്ത്രവും അവര്‍ അഴിച്ചു മാറ്റും!
എന്നിട്ടവരെന്നെ അണിയിച്ചൊരുക്കും;
വെളുത്തതും പരുക്കനുമായ
മൂന്നു കഷ്ണം തുണിയില്‍!

മർവാൻ ബിൻ അബ്ദുൽ മജീദ്
: 9745060734

സ്രഷ്ടാവിനെ കുറിച്ചുള്ള അറിവാണ് പരമപ്രധാനം. അതില്ലാത്തവർക്ക് വിശ്വാസത്തിന്റെ മാധുര്യം അനുഭവിക്കാനാവില്ല. അറിവിനുവേണ്ടി ത്യാഗോജ്വല ജീവിതം നയിച്ചവരായിരുന്നു മുൻഗാമികൾ.

# അറിവിൽ ആസ്വാദനം കണ്ടെത്തുക

അല്ലാഹുവിനെ കുറിച്ചുള്ള സത്യജ്ഞാനമാണ് ഏറ്റവും വലിയ ആസ്വാദനം. ഒന്നിൽ മനുഷ്യൻ ആസ്വാദനം കണ്ടെത്തിയാൽ ദുർഘടം പിടിച്ചതാണെങ്കിലും പിന്നീടത് വെടിയുകയില്ല. ആസ്വാദനങ്ങൾ തേടി അലഞ്ഞുകൊണ്ടിരിക്കുന്ന മനുഷ്യൻ യഥാർഥ ആസ്വാദനം തിരിച്ചറിയുന്നില്ല. ക്വുർആനിക വചനം എത്രസത്യമാണ്: “അതായത് വിശ്വസിക്കുകയും അല്ലാഹുവെപറ്റിയുള്ള ഓർമകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്”(13:28). “ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ അറിയുക...”(47:19).

സ്രഷ്ടാവിനെ കുറിച്ചുള്ള അറിവാണ് പരമപ്രധാനം. അതില്ലാത്തവർക്ക് വിശ്വാസത്തിന്റെ മാധുര്യം അനുഭവിക്കാനാവില്ല. അറിവിനുവേണ്ടി ത്യാഗോജ്വല ജീവിതം നയിച്ചവരായിരുന്നു മുൻഗാമികൾ. മുസ്‌ലിം സമൂഹം ഒന്നടങ്കം അംഗീകരിക്കുന്ന, ഇമാം ബുഖാരി എന്നറിയപ്പെടുന്ന മുഹമ്മദ് ബിൻ ഇസ്മാഈൽ അൽബുഖാരി(റഹി) പ്രവാചകവചനം അന്വേഷിച്ചുകൊണ്ട് വർഷങ്ങളോളം യാത്രചെയ്ത , ഏറെ പ്രയാസങ്ങൾ അനുഭവിച്ച ചെയ്ത മഹാനാണ്. ഭക്ഷണവും വസ്ത്രവുമില്ലാതെ അദ്ദേഹം ബുദ്ധിമുട്ടിയിട്ടുണ്ട്.

മഹാനായ പണ്ഡിതൻ ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ(റഹി) ദീനിനുവേണ്ടിയുള്ള സേവന മാർഗത്തിൽ ഏഴുതവണ ജയിലിലടക്കപ്പെട്ടിട്ടുണ്ട്. തടവറയിൽ അദ്ദേഹം ചുമരിലുകളിൽ എഴുതിവെച്ചു: “എന്റെ ശത്രുക്കൾക്ക് എന്നോട് എന്ത് ചെയ്യാൻ കഴിയും? എന്റെ സ്വർഗവും എന്റെ പൂന്തോട്ടവും എന്റെ നെഞ്ചിലാണ്. തടവറ പര്യടനമാണ്. ഞാൻ കൊല്ലപ്പെട്ടാൽ അത് രക്തസാക്ഷിത്വമാണ്. നാട്ടിൽനിന്ന് പുറത്താക്കപ്പെടൽ എനിക്ക് ഹിജ്റയാണ്.”

ഒരിക്കൽ രോഗബാധിതനായ അവസ്ഥയിൽ, ഭിഷഗ്വരൻ വായനയും എഴുത്തുമെല്ലാം നിർത്തി വയ്ക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അന്നേരം ഇമാം പറഞ്ഞു: “എന്റെ ആത്മാവ് അറിവിൽ സന്തുഷ്ടനാണ്. അങ്ങനെ ശരീരം ശക്തി പ്രാപിക്കുകയും എനിക്ക് ആശ്വാസം ലഭിക്കുകയും ചെയ്യുന്നു.”

ജീവിതത്തിലെ ഏത് അവസ്ഥയിലും ദീനിനു വേണ്ടി പ്രയത്നിക്കാൻ അവർക്ക് പ്രേരണയായത് അതിൽനിന്നും ലഭിക്കുന്ന ആസ്വാദനമാണ്. ഇമാം അബൂഹാതിം(റഹി) തന്റെ പിതാവിന്റെ മരണാസന്നസമയത്ത് ഹദീസിന്റെ രിവായത്തിനെ കുറിച്ച് പിതാവിനോട് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ പിതാവിന്റെ മരണവെപ്രാളം തിരിച്ചറിയാൻ പോലും കഴിഞ്ഞില്ല. ഇതിനെക്കുറിച്ച് ഇമാം സ്മരിക്കാറുള്ളത് ഇങ്ങനെയായിരുന്നു: "അദ്ദേഹത്തിന്റെ വൈദഗ്ധ്യം ഹദീസുകളെക്കുറിച്ചുള്ള അറിവിലും പാരമ്പര്യങ്ങൾ കൈമാറുന്നതിലുമായിരുന്നു. ജീവിതകാലത്ത് അദ്ദേഹം അദ്ദേഹത്തിൽനിന്ന് പഠിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം, ജീവിതകാലത്ത് അദ്ദേഹം എങ്ങനെയായിരു ന്നുവെന്ന് വെളിപ്പെടുത്തണമെന്ന് അല്ലാഹു ആഗ്രഹിച്ചു." ഏറ്റവും വലിയ വേദനയായ മരണവേദന പോലും മറക്കാൻ പ്രേരണയായത് അറിവിന്റെ മാധുര്യമാണ്.

'ഇമാം അഹ്ലുസ്സുന്നത്തി വൽജമാഅ' എന്നറിയപ്പെടുന്ന ഇമാം അഹ്മദ് ബിൻ ഹമ്പൽ(റഹി) വീട്ടുതടങ്കലിലാക്കപ്പെട്ട കാലത്ത് ഒരു അപരിചിതൻ വീട്ടിലേക്ക് വന്ന് ഹദീസ് പഠിക്കാനുള്ള താൽപര്യം ഇമാമിനെ അറിയിച്ചു. അദ്ദേഹം പറഞ്ഞു: "ഞാൻ താങ്കളെക്കുറിച്ച് കേട്ടറിഞ്ഞ് സ്പെയിനിലെ അന്തലൂസിൽനിന്ന് നടന്നുവന്നതാണ്." അന്തലൂസിൽനിന്നും എത്രയോ കിലോമീറ്ററുകൾ താണ്ടിയാണ് പ്രവാചകവചനം പഠിക്കാനായി കാൽനടയായി വന്നത്. ഇമാമിന് വിലക്കേർപ്പെടുത്തിയ വിവരമറിഞ്ഞപ്പോൾ അദ്ദേഹം സങ്കടത്തിലായി. അവസാനം നിബന്ധനകളോടെ ഹദീസ് പഠിക്കാൻ സമ്മതം നൽകി. എന്നും രാവിലെ ഭിക്ഷക്കാരനെപോലെ വീട്ടിൽ വരണമെന്നും, മറ്റാരുടെയും അടുക്കൽനിന്ന് പഠിക്കരുത് എന്നും മറ്റാരെയും അറിയിക്കരുത് എന്നുമായിരുന്നു നിബന്ധനകൾ. ഓരോ ദിവസവും രാവിലെ രണ്ടോ മൂന്നോ ഹദീസുകൾ പഠിപ്പിച്ചുകൊടുക്കും. ഒരു റൊട്ടിയും കൊടുക്കും. അതിതീവ്രമായ പ്രയാസം നേരിട്ട ഈ പണ്ഡിതനാണ് ബഖിയ്യ് ബിൻ മുഖല്ലദ് (റഹി) എന്ന വലിയ ഹദീസ് പണ്ഡിതൻ. ഇസ്‌ലാമിക ലോകത്ത് ഒട്ടനവധി സേവനങ്ങൾ ചെയ്ത വ്യക്തിയായി ചരിത്രത്തിൽ അദ്ദേഹം അറിയപ്പെടുന്നു.

പലരുടെയും മനസ്സിൽ ഉണ്ടാകാവുന്ന ചോദ്യമാണ് എന്തുകൊണ്ട് എനിക്ക് ഈ ആസ്വാദനം ലഭിക്കുന്നില്ല എന്നത്. ആസ്വാദനം തടയപ്പെടുന്നത് അറിവില്ലാത്തതുകൊണ്ടാണ്. വർത്തമാന കാലഘട്ടത്തിൽ മതപഠനത്തെ പിന്തള്ളുന്നവരായി മുസ്‌ലിം സമൂഹം മാറിക്കൊണ്ടിരിക്കുന്നു എന്നത് ഖേദകരമായ വസ്തുതയാണ്. ലിബറലിസത്തിന്റെ നീരാളിപ്പിടുത്തവും പുരോഹിതന്മാരുടെ ആത്മീയ ചൂഷണവും മുസ്‌ലിം സമൂഹത്തെ അധഃപതനത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു, മതപരമായ അറിവിനോട് വിരക്തിയുണ്ടാക്കുന്നു.

അനസ് ഇബ്നു മാലിക്(റ) നബി(സ്വ)യിൽനിന്നും ഉദ്ധരിക്കുന്നു: "അന്ത്യനാളിന്റെ അടയാളങ്ങളിൽ പെട്ടതാണ് അറിവ് അപ്രത്യക്ഷമാകൽ, അജ്ഞത പ്രത്യക്ഷപ്പെടൽ, മദ്യവും വ്യഭിചാരവും വ്യാപിക്കൽ, പുരുഷന്മാർ കുറയുകയും സ്ത്രീകൾ വർധിക്കുകയും; ഒരു പുരുഷന് അമ്പത് സ്ത്രീകൾ എന്ന നിലയിൽ എത്തുകയും ചെയ്യൽ" (ബുഖാരി, മുസ്‌ലിം, തിർമിദി).

അനസ് (റ) പ്രവാചകനി(സ്വ)ൽനിന്നും ഉദ്ധരിക്കുന്നു: "മൂന്നു കാര്യങ്ങൾ ആരിലുണ്ടോ അതുമുഖേന അവന് വിശ്വാസത്തിന്റെ മാധുര്യം അനുഭവപ്പെടും: അല്ലാഹുവും അവന്റെ ദൂതനും മറ്റെന്തിനെക്കാളും അവന് പ്രിയപ്പെട്ടവരാവുക, അല്ലാഹുവിനു വേണ്ടി മാത്രം ഒരാളെ സ്നേഹിക്കുക, അല്ലാഹു അയാളെ സത്യനിഷേധത്തിൽനിന്ന് രക്ഷിച്ചതിന് ശേഷം അതിലേക്കുതന്നെ മടങ്ങുന്നത് അയാൾ വെറുക്കുക, നരകത്തിൽ എറിയപ്പെടുന്നത് വെറുക്കുന്നതുപോലെ" (ബുഖാരി, മുസ്‌ലിം, തിർമിദി, നസാഈ, ഇബ്നുമാജ, അഹ്മദ്).

അറിവിൽ അധിഷ്ഠിതമായ വിശ്വാസമാണ് കരുത്തുറ്റ വിശ്വാസം. അങ്ങനെയുള്ളവരുടെ മൂന്ന് അടയാളങ്ങളാണ് ഈ പറഞ്ഞ ഹദീസിൽ ഉദ്ധരിച്ചിട്ടുള്ളത്. ഇതിൽ ഏതെങ്കിലും ഒരു അടയാളം നഷ്ടപ്പെട്ടാൽ അവന് യഥാർഥമായ അറിവിൻ മാധുര്യം തടയപ്പെടും എന്നതാണ് ഹദീസ് നമ്മെ പഠിപ്പിക്കുന്നത്..

**ഫാത്തിമ ഷഹല പി.**
ദാറുൽ ക്വുർആൻ, ചെറുമുക്ക്



# ചിറകരിഞ്ഞവരുടെ നൊമ്പരങ്ങൾ

വിശപ്പിന്റെ കാഠിന്യത്താൽ വയറ്റിൽ കല്ല് വെച്ചുകെട്ടി അല്ലാഹുവിൽ തവക്കുലാക്കി ആ പിതാവ് തന്റേതെന്ന് പറയാവുന്ന ആ കൊച്ചു ടെന്റിൽ നിന്ന് തന്റെ പൊന്നോമനയെ തിരക്കിയിറങ്ങി. തകർന്ന കെട്ടിടശകലങ്ങൾക്കിടയിലും പാതയോരത്തുമെല്ലാം തിരഞ്ഞു. ഇടയ്ക്കിടെ ഭൂമി കുലുങ്ങും വിധമുള്ള സ്ഫോടനശബ്ദം കേൾക്കാം. ജ്വലിക്കുന്ന സൂര്യനു താഴെ ആ മനുഷ്യൻ ആത്മവിശ്വാസത്തോടെ അന്വേഷിച്ചുകൊണ്ടിരുന്നു.

ഇടക്ക് അയാൾക്ക് ഒരു റൊട്ടിക്കഷ്ണം ദാനമായി കിട്ടി. അതിന്റെ പകുതിഭാഗം കീറിയെടുത്ത് അയാൾ ആർത്തിയോടെ ചവച്ചിറക്കി. ബാക്കി മകൾക്കായി കരുതിവച്ചു. അതുകൊണ്ട് വിശപ്പടങ്ങിയില്ലെങ്കിലും അയാൾക്ക് പൂർണ സംതൃപ്തി വന്നു. കഴിഞ്ഞ രണ്ടു വർഷമായി ഇങ്ങനെയൊക്കയാണല്ലോ നാളുകൾ കഴിച്ചുകൂട്ടുന്നത്.

തെരുവിലെങ്ങും തന്റെ പൊന്നോമനയെ കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ അയാൾ ആശുപത്രി ലക്ഷ്യമാക്കി നടന്നു. സയണിസ്റ്റ് പട്ടാളത്തിന്റെ ബോംബിങ്ങിൽ ഒരു ഭാഗം തകർന്ന ആശുപത്രിയിലെ മോർച്ചറിയിൽ തന്റെ പൊന്നുമകൾ ശാന്തമായി ഉറങ്ങുന്നുണ്ടായിരിക്കാം. കണ്ടുകിട്ടിയാൽ അന്ത്യചുംബനം നൽകി അവളെ ധൈര്യത്തോടെ യാത്രയയക്കാം.

അയാൾക്കറിയാം, ചിലപ്പോൾ ഈ യാത്രയിൽ തന്നെ തനിക്കു നേരെ മരണത്തിന്റെ വെടിയുണ്ടകൾ പാഞ്ഞുവന്നേക്കാമെന്ന്. ഭയമില്ല. അല്ലെങ്കിലും ഭയമെന്തെന്ന് ഫലസ്തീനികൾക്ക് അറിയില്ലല്ലോ. ആശുപത്രിയിലെത്തിയെങ്കിലും നിരാശയായിരുന്നു ഫലം. എന്നിട്ടും അയാൾ തളർന്നില്ല. പിന്നെയും പല സ്ഥലങ്ങളിലേക്കും തിരച്ചിൽ വ്യാപിപ്പിച്ചു. കാണുന്നവരോടെല്ലാം മകളുടെ ഫോട്ടോ കാണിച്ചു കൊടുത്തു കണ്ടിരുന്നോ എന്ന് അന്വേഷിച്ചുകൊണ്ടിരുന്നു.

പതിവുപോലെ അന്നും രാവിലെ തിന്നാൻ വല്ലതും കിട്ടുമോ എന്ന് അന്വേഷിച്ചിറങ്ങിയതാണ്. വെറുംകയ്യോടെ മടങ്ങേണ്ടിവന്നു. തിരികെ വന്നപ്പോൾ അവളെ കാണാനില്ല. അടുത്തുള്ള പല ടെൻഡുകളും കത്തിയമർന്നിരുന്നു. അയാളുടെ മനസ്സിൽ പലവിധ ആശങ്കകൾ ഉയർന്നു. അവളെ ആ തോക്കുധാരികളായ ചെന്നായ്ക്കൾ പിടിച്ചു കൊണ്ടുപോയോ? അതല്ല അവൾ കത്തിയമർന്ന് രക്തസാക്ഷിയായോ?

അങ്ങനെ ഓരോന്ന് ചിന്തിച്ച് നടക്കുന്നതിനിടയിവാണ് പകുതി തകർന്ന ഇരുനില സ്കൂൾ കെട്ടിടത്തിന്റെ ഒരു മൂലയിൽ പേടിച്ചരണ്ട് മണ്ണുപുരണ്ട ഒരു കുഞ്ഞു മനുഷ്യരൂപത്തെ അയാൾ ദൂരെനിന്നു കണ്ടത്. ശരവേഗം അയാൾ പാഞ്ഞുചെന്നു. അതെ, തന്റെ പൊന്നോമന തന്നെ! അയാൾ അവളെ വാരിപ്പുണർന്നു.

'നീ എവിടെയായിരുന്നു? എത്ര നേരമായി ഞാൻ നിന്നെ തിരക്കുന്നു!'

ആ കുഞ്ഞിന്റെയും അയാളുടെയും നേത്രത്തിൽനിന്നും ആനന്ദ ബാഷ്പങ്ങൾ അടർന്നുവീണുകൊണ്ടിരുന്നു. അവർക്കിടയിലൂടെ ഒരു മൗനസംഭാഷണം നടക്കുന്നുണ്ടായിരുന്നു.

ശേഷം അയാൾ ആ റൊട്ടിക്കഷ്ണം അവൾക്ക് നൽകി. അവളെയും കൊണ്ട് ടെന്റിലേക്ക് തിരികെ നടന്നു പോകുന്ന വഴിയിൽ ഭീകര സൈന്യം നഗരം ഒഴിഞ്ഞു പോകാൻ അറിയിപ്പ് നൽകിയതായി അയാൾ അറിഞ്ഞു.

കിട്ടിയതെല്ലാം പെറുക്കിയെടുത്ത് തന്റെ ആകെയുള്ള വാഹനമായ സൈക്കിളിൽ ഭാണ്ഡമായി കെട്ടി അവളെ ഇരിപ്പിടത്തിൽ ഇരുത്തി അയാൾ പാലായനം തുടങ്ങി. ഇനിയൊരു മടക്കത്തിന് സാധ്യതയില്ലാത്ത യാത്ര.

പുറംലോകത്തെ പറ്റി അറിയാതെ, ഭീകര രാഷ്ട്രം ഒറ്റപ്പെടുന്നതറിയാതെ, മനഃസാക്ഷി ചോർന്നു പോകാത്തവരുടെ സഹായങ്ങൾ ലഭിക്കാൻ വഴിയില്ലാതെ, അപലപനങ്ങളും പ്രഖ്യാപനങ്ങളും അറിയാതെ, ഇസ്റയേൽ നരനായാട്ടിന്റെ വിഷയത്തിൽ പലരുടെയും മുഖംമൂടി അഴിഞ്ഞുവീണത് അറിയാതെ അവർ സഞ്ചരിച്ചുകൊണ്ടിരുന്നു. സയണിസ്റ്റ് നിർമിതമായ നരകത്തിൽനിന്ന് രക്ഷപ്പെടാനായി.

കഷ്ടതകൾ ഫലസ്തീനികൾക്ക് പുതുമയുള്ളതല്ലല്ലോ. ശഹാദത്ത് പദവി ലഭിക്കാൻ ആഗ്രഹിക്കുന്ന വരാണ് അവിടത്തെ കുഞ്ഞുങ്ങൾ പോലും! യാത്രക്കിടയിൽ അവൾ ചോദിച്ചു:

“അബീ, ഉമ്മി എന്നു വരും? എന്റെ ഉമ്മിയെ അവർ കൊന്നുവോ?”

അഞ്ചു വയസ്സുകാരിയുടെ ആ നിഷ്കളങ്കമായ ചോദ്യത്തിന് മുന്നിൽ അയാൾക്ക് ഉത്തരം മുട്ടി. തെല്ലു നേരത്തെ നിശ്ശബ്ദക്കു ശേഷം അയാൾ മെല്ലെ പറഞ്ഞു: “ഉമ്മി ഇനി വരില്ല മോളേ... ഉമ്മിയുടെ അടുത്തേക്ക് ഒരുപക്ഷേ, ഏതു നിമിഷവും നെതന്യാഹുവിന്റെ ചെന്നായപ്പട നമ്മെയും പറഞ്ഞയച്ചേക്കാം...”

അയാൾ പറഞ്ഞുതീരും മുമ്പാണ് വഴിയരികിലെ ഒരു തകർന്ന കെട്ടിടത്തിന്റെ മറവിൽനിന്ന് വെടിയുണ്ടകൾ ചീറിപ്പാഞ്ഞുവന്ന് ആ ഉപ്പയുടെയും മകളുടെയും നെഞ്ചിലും തലയിലും തുളച്ചുകയറിയത്. തന്റെ അബിക്കും തനിക്കും ചിറകുകൾ വരുന്നതും ഉമ്മയുടെ അടുത്തേക്ക് പറന്നു പോകുന്നതും അവൾ കണ്ടു. പിന്നിൽ നടന്നുവരുന്നവരും തോക്കിനിരയാകുന്നത് അവരിരുവരും കണ്ടില്ല.

■



കവർ സ്റ്റോറി

അമീന തൻസീം, ജിദ്ദ

# യാത്ര:
# ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ

ഇസ്‌ലാമിക വീക്ഷണത്തിൽ യാത്ര അഥവാ ‘സഫർ’ (سَفَر) എന്നത് കേവലം സ്ഥലമാറ്റം മാത്രമല്ല, മറിച്ച് ആത്മീയമായ ചിന്തയ്ക്കും കർമപരമായ ഇളവുകൾക്കും അർഹമാക്കുന്ന ഒരു സുപ്രധാന അവസ്ഥയാണ്. വിശുദ്ധ ഖുർആനിൽ യാത്ര എന്ന് അർഥമുള്ള ‘സയ്ർ’ (سَيْر) എന്ന പദം അതിന്റെ വിവിധ രൂപങ്ങളിൽ 27 തവണ ആവർത്തിച്ചു വന്നിട്ടുണ്ട്. യാത്രയെ സൂചിപ്പിക്കുന്ന പ്രധാന പദങ്ങളായ ‘സഫർ’ പൊതുവായ സഞ്ചാരത്തെ കുറിക്കുമ്പോൾ, ‘രിഹ്‌ല’ (رِحْلَة) അറിവ് തേടിയോ കച്ചവടത്തിനോ ഉള്ള പ്രത്യേക ലക്ഷ്യത്തോടെയുള്ള യാത്രയെ സൂചിപ്പിക്കുന്നു.

ഇസ്‌ലാമിക വീക്ഷണത്തിലെ യാത്ര ഒരുവശത്ത്, ആരാധനയുടെയും വൈജ്ഞാനികപരമായ അന്വേഷണത്തിന്റെയും മാർഗമാണ്. മറുവശത്ത്, യാത്ര സ്വാഭാവികമായും പ്രയാസകരമായ ഒരു അവസ്ഥയാണ്. മുഹമ്മദ് നബി(സ്വ) യാത്രയുടെ ബുദ്ധിമുട്ട് വിവരിക്കുന്നത് ശ്രദ്ധേയമാണ്: “സഞ്ചാരം എന്നത് ശിക്ഷയുടെ ഒരു കഷ്ണമാണ്; അത് നിങ്ങളിൽ ഒരാളുടെ ഉറക്ക

> ഇസ്‌ലാമിക വീക്ഷണപ്രകാരം യാത്രയ്ക്ക് ഒരുപാട് മാനങ്ങളുണ്ട്. ഒരാളുടെ വ്യക്തിത്വത്തെ നിർണയിക്കാനുള്ള, കർമശാസ്ത്ര വിഷയങ്ങളിലടക്കം ഇളവനുവദിച്ചിട്ടുള്ള സുപ്രധാന ഏകകമായിട്ടാണ് ഇസ്‌ലാം യാത്രയെ കണക്കാക്കുന്നത്. അതുകൊണ്ട് തന്നെയാണ് യാത്രയ്ക്ക് പ്രമാണങ്ങൾ കൃത്യമായ നിയമങ്ങൾ നിർമിച്ച് നൽകിയിട്ടുള്ളത്.

ത്തെയും ഭക്ഷണത്തെയും തടയുന്നു. അതിനാൽ, ഒരു വ്യക്തി തന്റെ ആവശ്യം പൂർത്തിയാക്കിക്കഴിഞ്ഞാൽ, അവൻ തന്റെ കുടുംബത്തിലേക്ക് വേഗത്തിൽ മടങ്ങട്ടെ" (ബുഖാരി).

പ്രവാചകൻ(സ്വ) യാത്രയെ 'ശിക്ഷയുടെ ഒരംശം' എന്ന് വിശേഷിപ്പിക്കുന്നത്, ഇസ്‌ലാമിക കർമശാ സ്ത്രത്തിൽ യാത്രക്കാർക്ക് ഇളവുകൾ നൽകുന്നതിനുള്ള ദൈവശാസ്ത്രപരമായ അടിത്തറയായി വർത്തിക്കുന്നു. യാത്രയുടെ സ്വാഭാവികമായ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് വേണ്ടിയാണ് അല്ലാഹു ക്വസ്ർ (നമസ്കാരം ചുരുക്കൽ) പോലുള്ള ആനുകൂല്യങ്ങൾ അനുവദിച്ചത്. ഈ ഇളവുകൾ അല്ലാഹുവിന്റെ ദാനമായി കണക്കാക്കപ്പെടുന്നു.

ക്വുർആനിലെ യാത്രാ ലക്ഷ്യങ്ങൾ പരിശോധിച്ചാൽ ക്വുർആൻ യാത്രയെ കേവലമായ ഒരു ലൗകിക പ്രവൃത്തിയായി കാണുന്നില്ല എന്നു നമുക്കു മനസ്സിലാക്കാം, മറിച്ച് അത് മനുഷ്യന്റെ ബുദ്ധിയെയും ഹൃദയത്തെയും ഉണർത്താനുള്ള ഘടകമായി നിലകൊള്ളുന്നു. ചിന്താപരവും ലക്ഷ്യബോധമുള്ളതുമായ ഒരു പ്രവർത്തനമാണ് ഇസ്‌ലാമിക വീക്ഷണത്തിലെ യാത്ര.

ഭൂതകാലത്തെ ജനതകളുടെ പര്യവസാനത്തെക്കുറിച്ച് ചിന്തിച്ച് പാഠം ഉൾക്കൊള്ളാൻ ക്വുർആൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നു:

"(നബിയേ,) പറയുക: നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കൂ. എന്നിട്ട് സത്യനിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കൂ"(6:11).

സ്വാലിഹ് നബി(അ)യുടെ ജനതയായ 'സമൂദി'ന്റെ ചരിത്രം ഉദാഹരണമായി എടുക്കാം: "അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഞാൻ എന്റെ രക്ഷിതാവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവിനെ അവലംബിക്കുന്നവനായിരിക്കുകയും അവന്റെ പക്കൽനിന്നുള്ള കാരുണ്യം അവനെനിക്ക് നൽകിയിരിക്കുകയുമാണെങ്കിൽ-അല്ലാഹുവോട് ഞാൻ അനുസരണക്കേട് കാണിക്കുന്ന പക്ഷം-അവന്റെ ശിക്ഷയിൽനിന്ന് (രക്ഷിച്ചുകൊണ്ട്) എന്നെ സഹായിക്കാനാരുണ്ട്? അപ്പോൾ (കാര്യം ഇങ്ങനെയാണെങ്കിൽ) നിങ്ങൾ എനിക്ക് കൂടുതൽ നഷ്ടം വരുത്തിവെക്കുക മാത്രമെ ചെയ്യൂ"(11:63).

എന്നാൽ ആ ജനത ഇതൊന്നും ചെവിക്കൊണ്ടില്ല. ധിക്കാരത്തിൽ അവർ ഉറച്ചുനിന്നു. ഒടുവിൽ അവർ അല്ലാഹുവിന്റെ ശിക്ഷക്ക് വിധേയരായി. അല്ലാഹു പറയുന്നു:

"അക്രമം പ്രവർത്തിച്ചവരെ ഘോരശബ്ദം പിടികൂടി. അങ്ങനെ പ്രഭാതമായപ്പോൾ അവർ അവരുടെ വീടുകളിൽ കമിഴ്ന്നു വീണ അവസ്ഥയിലായിരുന്നു. അവർ അവിടെ താമസിച്ചിട്ടില്ലാത്ത പോലെ (അവർ ഉൻമൂലനം ചെയ്യപ്പെട്ടു). ശ്രദ്ധിക്കുക: തീർച്ചയായും സമൂദ് ജനത തങ്ങളുടെ രക്ഷിതാവിനോട് നന്ദികേട് കാണിച്ചു. ശ്രദ്ധിക്കുക: സമൂദ് ജനതയ്ക്ക് നാശം!" (11: 67,68).

ഗുണപാഠമുൾക്കൊള്ളുവാൻ തയ്യാറുള്ളവർക്ക് സൗദി അറേബ്യയിൽ നിലകൊള്ളുന്ന മദാഇനു സ്വാലിഹ് സന്ദർശിക്കാവുന്നതാണ്. കൂറ്റൻ പാറകൾ തുറന്ന് താമസ സൗകര്യമുണ്ടാക്കുവാൻ കഴിവുണ്ടായിരുന്ന കരുത്തരായ ആ സമൂഹം ഉന്മൂലനം ചെയ്യപ്പെട്ടെങ്കിലും അവരുടെ നിർമിതികൾ ഇന്നും നിലനിൽക്കുന്നുണ്ട്.

സത്യത്തെ നിഷേധിച്ചവരുടെയും അധർമകാരികളുടെയും വിധി നിരീക്ഷിക്കുന്നതിലൂടെ, വിശ്വാസത്തിന്റെ പ്രാധാന്യവും നിഷേധത്തിന്റെയും അധർമത്തിന്റെയും അപകടങ്ങൾ തിരിച്ചറിയാൻ സാധിക്കുന്നു:

"ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ച് മനസ്സിലാക്കാനുതകുന്ന ഹൃദയങ്ങളോ കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു" (22:46). അറിവു നേടുന്നതിലൂടെയും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിലൂടെയും ഉണ്ടാകുന്ന മാനസികമായ ഉണർവിനാണ് ഈ വചനം പ്രാധാന്യം നൽകു

ന്നത്. യാത്ര കേവലമായ കാഴ്ചയല്ല, ഉൾക്കാഴ്ച നേടാനുള്ള മാർഗമാണ്.

സ്വവർഗ ലൈംഗികതയിൽ അഭിരമിച്ചിരുന്ന ദുഷിച്ച വിഭാഗമായിരുന്നു ലുത്വ് നബി (അ)യുടെ ജനത. അല്ലാഹു വേരോടെ അവരെ പിഴുതെറിയുകയാണുണ്ടായത്. അല്ലാഹു പറയുന്നു: "അങ്ങനെ സൂര്യോദയത്തോടെ ആ ഘോരശബ്ദം അവരെ പിടികൂടി. അങ്ങനെ ആ രാജ്യത്തെ നാം തലകീഴായി മറിക്കുകയും, ചുട്ടുപഴുത്ത ഇഷ്ടികക്കല്ലുകൾ അവരുടെ മേൽ നാം വർഷിക്കുകയും ചെയ്തു. നിരീക്ഷിച്ച് മനസ്സിലാക്കുന്നവർക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്. തീർച്ചയായും അത് (ആ രാജ്യം) (ഇന്നും) നിലനിന്ന് വരുന്ന ഒരു പാതയിലാണ് സ്ഥിതിചെയ്യുന്നത്. തീർച്ചയായും അതിൽ വിശ്വാസികൾക്ക് ഒരു ദൃഷ്ടാന്തമുണ്ട്" (15:73-77)

ഇസ്രാഈലിനും ജോർദാനിനുമിടയിലുള്ള ചാവുകടൽ എന്നറിയപ്പെടുന്ന തടാകം സ്വവർഗരതിക്കെതിരായ ദൈവിക ദൃഷ്ടാന്തമായി ഇന്നും നിലനിൽക്കുന്നു. സമുദ്രനിരപ്പിൽ നിന്നും 422 മീറ്റർ താഴ്ചയിലുള്ള ചാവുകടൽത്തീരമാണ് കരയിലെ ഏറ്റവും താഴ്ചയുള്ള ഭൂപ്രദേശം. 378 മീറ്റർ ആഴവും 67 കിലോമീറ്റർ നീളവും 18 കിലോമീറ്റർ വീതിയുമുള്ള ചാവുകടലാണ് ലോകത്തിലെ ഏറ്റവും ആഴമുള്ള മഹാലവണ തടാകമായി അറിയപ്പെടുന്നത്. സമുദ്രജലത്തിന്റെ 8.6 ഇരട്ടിയാണ് ഇതിലെ ജലത്തിന്റെ ലവണത്വം. അതുകൊണ്ടുതന്നെ ജീവന്റെ യാതൊരു ബാഹ്യലക്ഷണവും പ്രസ്തുത ജലത്തിലില്ല. ഉയർന്ന ലവണത്വമുള്ള ജലത്തിൽ നിലനിൽക്കുന്ന ചിലതരം ബാക്ടീരിയകളും ഫംഗസുകളും വളരെ ചെറിയ തോതിൽ ഈ ജലത്തിലുണ്ടെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെങ്കിലും ചെടികളോ മൽസ്യങ്ങളോ പായൽപോലുള്ള കാണാവുന്ന ജൈവികവസ്തുക്കളോ ഒന്നും തന്നെ ഇതിലില്ല; അതുകൊണ്ടുതന്നെയാണ് ഇതിനു ചാവുകടൽ എന്ന പേരുണ്ടായത്. ഒട്ടേറെ സഞ്ചാരികൾ ചാവുകടൽ പ്രദേശം സന്ദർശിക്കാനെത്തുന്നുണ്ട്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ക്വുർആൻ പരാമർശിക്കുന്ന ഏതൊരു ചരിത്ര സ്ഥലവും സന്ദർശിക്കുന്നത് അവരുടെ വിശ്വാസത്തിന്റെ ശക്തി വർധിപ്പിക്കുന്ന കാര്യമാണ്.

ഒരു യാത്രക്കാരന് കർമപരമായ പല ഇളവുകളും ഇസ്‌ലാം അനുവദിക്കുന്നുണ്ട്. യാത്രയുടെ പ്രയാസം പരിഗണിച്ച്, അല്ലാഹു യാത്രക്കാർക്ക് നമസ്കാരം, നോമ്പ് എന്നിവയിൽ പ്രധാനപ്പെട്ട ഇളവുകൾ നൽകിയിട്ടുണ്ട്. ക്വുർആൻ 4:101ൽ നമസ്കാരം ചുരുക്കാൻ അനുമതി നൽകിയിരിക്കുന്നത്. റമദാനിൽ യാത്ര ചെയ്യുന്നവർക്ക് നോമ്പ് ഒഴിവാക്കി പിന്നീട് നോറ്റുവീട്ടാൻ ക്വുർആൻ (2:184) അനുമതി നൽകുന്നു.

യാത്രയുടെ മറ്റൊരു പ്രധാന ലക്ഷ്യം പ്രപഞ്ച ദൃഷ്ടാന്തങ്ങൾ നിരീക്ഷിച്ച് അല്ലാഹുവിന്റെ ശക്തിയെ മനസ്സിലാക്കുക എന്നതാണ്. "പറയുക: നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് അവൻ എപ്രകാരം സൃഷ്ടി ആരംഭിച്ചിരിക്കുന്നു എന്ന് നോക്കൂ. പിന്നീട് അല്ലാഹു അവസാനം മറ്റൊരിക്കൽകൂടി സൃഷ്ടിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ" (29:20).

ഈ ക്വുർആനിക കൽപന; പുരാവസ്തുശാസ്ത്രം, നരവംശശാസ്ത്രം പോലുള്ള വൈജ്ഞാനിക മേഖലകളെക്കുറിച്ച് പഠിക്കുന്നതിനായി യാത്ര ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നു. പ്രകൃതിയിലും സമുദ്രത്തിലും കാണുന്ന ദൈവിക ദൃഷ്ടാന്തങ്ങൾ ക്ഷമയുള്ളവർക്കും നന്ദിയുള്ളവർക്കും സന്ദേശങ്ങളാണെന്ന് ക്വുർആൻ (31:31) ഓർമിപ്പിക്കുന്നു.

യാത്രയെ ക്വുർആൻ ബന്ധിപ്പിക്കുന്നത് 'നോക്കുക' (ഉൻദുറൂ) എന്ന ക്രിയയുമായിട്ടാണ്. ഈ നിരീക്ഷണം ചരിത്രത്തിന്റെ പാഠങ്ങളിലേക്കോ സൃഷ്ടിപ്പിന്റെ രഹസ്യങ്ങളിലേക്കോ നയിക്കുകയും ലൗകികമായ കാഴ്ചയുടെ തലത്തിൽ നിന്ന് ആഴത്തിലുള്ള ഉൾക്കാഴ്ചയുടെ തലത്തിലേക്ക് യാത്രയുടെ ലക്ഷ്യത്തെ ഉയർത്തുകയും ചെയ്യുന്നു.

ഇസ്‌ലാം അറിവു തേടുന്നതിനെ വളരെയധികം പ്രോത്സാഹിപ്പിക്കുന്ന മതമാണ്. അറിവു തേടിയുള്ള യാത്രയുടെ മഹത്വം പ്രവാചകൻ(സ്വ) എടുത്തുപറഞ്ഞു: "ആരെങ്കിലും അറിവു തേടി ഒരു വഴിയിൽ യാത്ര ചെയ്താൽ, അല്ലാഹു അവന് സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കും" (മുസ്‌ലിം)

ക്വുർആനിക നിരീക്ഷണത്തിലൂടെ ലഭിക്കുന്ന അറിവ് സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കുമെന്ന ഈ ഹദീസ്, യാത്രയെ പരമമായ ആത്മീയ ലക്ഷ്യവുമായി ബന്ധിപ്പിക്കുന്നു.

ലൗകികമായ ആവശ്യങ്ങൾക്കായും യാത്ര അനുവദനീയമാണ്. കച്ചവടത്തിനും ഉപജീവനത്തിനുമായി ഭൂമിയിൽ സഞ്ചരിക്കുന്നത് ക്വുർആൻ (2:164, 62:10) അംഗീകരിക്കുന്നു. യാത്ര ചെയ്യുമ്പോൾ കടം നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളും (2:283) ക്വുർആൻ വിശദീകരിക്കുന്നുണ്ട്.

ഒരു യാത്രക്കാരന് കർമപരമായ പല ഇളവുകളും ഇസ്‌ലാം അനുവദിക്കുന്നുണ്ട്. യാത്രയുടെ പ്രയാസം പരിഗണിച്ച്, അല്ലാഹു യാത്രക്കാർക്ക് നമസ്കാരം, നോമ്പ് എന്നിവയിൽ പ്രധാനപ്പെട്ട ഇളവുകൾ നൽകിയിട്ടുണ്ട്. ക്വുർആൻ 4:101ൽ നമസ്കാരം ചുരുക്കാൻ അനുമതി നൽകിയിരിക്കുന്നത്, സത്യനിഷേധികൾ ദ്രോഹം വരുത്തുമെന്ന് ഭയപ്പെടുന്ന സന്ദർഭങ്ങളിലാണ്. ഈ വചനത്തിലെ ഭയം എന്ന നിബന്ധന പിന്നീട് നീക്കം ചെയ്തതിനെക്കുറിച്ച് ഉമർ(റ) പ്രവാചക(സ്വ)നോട് ചോദിച്ചപ്പോൾ, അദ്ദേഹം നൽകിയ വിശദീകരണം അല്ലാഹുവിന് അവന്റെ ദാസന്മാരോടുള്ള കാരുണ്യത്തെ വ്യക്തമാക്കുന്നു: "അത് അല്ലാഹു നിങ്ങൾക്കു തന്ന ദാനമാണ്. അതിനാൽ അവന്റെ ദാനം നിങ്ങൾ സ്വീകരിക്കുക" (മുസ്‌ലിം).

നാല് റക്അത്തുകളുള്ള നിർബന്ധ നമസ്കാരങ്ങൾ (ദ്വുഹ്ർ, അസ്ർ, ഇശാഅ്) രണ്ടായി ചുരുക്കി നമസ്കരിക്കുന്നതിനെയാണ് 'ക്വസ്ർ' (ചുരുക്കൽ) എന്ന് പറയുന്നത്. യാത്രയുടെ സമയവും സ്വഭാവവും അനുസരിച്ച് ദ്വുഹ്ർ-അസ്ർ നമസ്കാരങ്ങൾ ഒരുമിച്ചും, മഗ്‌രിബ്-ഇശാഅ് നമസ്കാരങ്ങൾ ഒരുമിച്ചും നമസ്കരിക്കുന്നത് അനുവദനീയമാണ്.

ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു: "അല്ലാഹുവിന്റെ റസൂൽ(സ്വ) യാത്രകളിൽ ദ്വുഹ്റും അസ്റും ഒരുമിച്ചും, മഗ്‌രിബും ഇശായും ഒരുമിച്ചും നമസ്കരിച്ചിരുന്നു" (ബുഖാരി).

കർമശാസ്ത്ര വീക്ഷണത്തിൽ, ക്വസ്ർ പൊതുവെ ശുപാർശ ചെയ്യപ്പെട്ടപ്പോൾ, ജംഅ് യാത്രയുടെ പ്രയാസകരമായ ഘട്ടങ്ങളിലാണ് (പ്രത്യേകിച്ച് ശാഫിഈ മദ്ഹബിൽ) അനുവദനീയമാവുന്നത്. ഫജ്ർ നമസ്കാരം ഒരിക്കലും മറ്റ് നമസ്കാരങ്ങളുമായി കൂട്ടിച്ചേർക്കാൻ പാടില്ല.



ക്വസ്ർ നമസ്കരിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ ദൂരം എത്രയായിരിക്കണം എന്നതിന് ക്വുർആനിലോ സ്വഹീഹായ ഹദീസുകളിലോ വ്യക്തമായ പരിധി നിർണയിച്ചതായി തെളിവില്ല. ഭൂരിപക്ഷ പണ്ഡിതന്മാരുടെയും വീക്ഷണം, ഏകദേശം 80 കിലോമീറ്റർ (55 മൈൽ) ദൂരം യാത്ര ചെയ്താൽ ക്വസ്ർ അനുവദനീയമാകും എന്നാണ്. യാത്രക്കാരൻ ഒരു സ്ഥലത്ത് താമസിക്കുന്ന സമയപരിധിയെക്കുറിച്ച് പണ്ഡിതർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഭൂരിപക്ഷം പണ്ഡിതന്മാരും നാല് ദിവസത്തിലധികം (യാത്ര പുറപ്പെടുന്ന ദിവസവും തിരിച്ചെത്തുന്ന ദിവസവും ഒഴികെ) താമസിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ പൂർണമായി നമസ്കരിക്കണമെന്ന് നിർദേശിക്കുന്നു. മക്കയിൽ ഹജ്ജിന്റെ സന്ദർഭത്തിൽ നാലു ദിവസം താമസിച്ചപ്പോൾ പ്രവാചകൻ(സ്വ) ക്വസ്റാക്കി നമസ്കരിച്ചത് ഇതിന് തെളിവായി എടുക്കുന്നു.

റമദാനിൽ യാത്ര ചെയ്യുന്നവർക്ക് നോമ്പ് ഒഴിവാക്കി പിന്നീട് നോറ്റുവീട്ടാൻ ക്വുർആൻ (2:184) അനുമതി നൽകുന്നു. മക്കാ വിജയ യാത്രയിൽ, പ്രവാചകൻ(സ്വ) നോമ്പ് മുറിക്കുകയും എന്നിട്ടും നോമ്പ് തുടർന്ന ചിലരെക്കുറിച്ച് 'ആ ജനങ്ങൾ അനുസരണയില്ലാത്തവരാണ്, ആ ജനങ്ങൾ അനുസരണയില്ലാത്തവരാണ്' എന്ന് പറയുകയും ചെയ്തു (മുസ്‌ലിം).

പ്രയാസകരമായ സാഹചര്യങ്ങളിൽ, നോമ്പ് ഒഴിവാക്കുന്നതിലൂടെ അല്ലാഹുവിന്റെ ദാനം സ്വീകരിക്കുന്നതാണ് സ്വയം ബുദ്ധിമുട്ടി നേടുന്ന പുണ്യത്തെ

ഇസ്‌ലാമിലെ യാത്രാമര്യാദകൾ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഒറ്റയ്ക്ക് യാത്ര ചെയ്യുന്നതിനെ നിരോധിക്കുകയും ഒരു നേതാവിനെ (അമീർ) നിശ്ചയിക്കാൻ കൽപിക്കുകയും ചെയ്തതിലൂടെ, ഇസ്‌ലാം യാത്രയുടെ അപകട സാധ്യതകൾ ലഘൂകരിക്കുന്നതിനായി ഒരു നിയമപരവും സാമൂഹികവുമായ ചട്ടക്കൂട് സ്ഥാപിച്ചു. യാത്രയിലെ പ്രാർഥനകളാകട്ടെ, യാത്രക്കാരന് ദൈവിക കാവലും സംരക്ഷണവും നൽകിക്കൊണ്ട് അവന്റെ ഉത്കണ്ഠകളെ ശമിപ്പിക്കുന്നു.

ക്കാൾ ശ്രേഷ്ഠവും ചിലപ്പോൾ നിർബന്ധവും എന്ന നിയമപരമായ തത്ത്വം ഇവിടെ വെളിപ്പെടുന്നു. യാത്രയുടെ ദുരിതം കുറയ്ക്കുന്നതിന് ആരോഗ്യ സംരക്ഷണത്തിന് മുൻഗണന നൽകണം എന്ന് ഇത് സൂചിപ്പിക്കുന്നു. യാത്ര പുറപ്പെടുന്നതിന് തൊട്ടുമുമ്പ് വീട്ടിൽ വെച്ച് തന്നെ നോമ്പ് മുറിക്കുന്നത് സുന്നത്താണ് എന്നൊരു കർമശാസ്ത്ര വീക്ഷണമുണ്ട്. അനസ് ഇബ്നു മാലിക്(റ) യാത്രക്ക് ഒരുങ്ങിയ ശേഷം ഭക്ഷണം കഴിക്കുകയും എന്നിട്ട് യാത്ര ചെയ്യുകയും ചെയ്തത് പ്രവാചകന്റെ ചര്യയായി കണക്കാക്കപ്പെട്ടിരുന്നു (തിർമിദി).

**യാത്രക്കാരൻ പാലിക്കേണ്ട മര്യാദകൾ**

ഒരു യാത്രാക്കാരൻ തന്റെ യാത്രയിൽ പാലിക്കേണ്ട മര്യാദകൾ എന്തൊക്കെയാണെന്നു പരിശോധിക്കാം:

പ്രവാചകൻ(സ്വ) യാത്രക്കാർക്ക് വിശദമായ ധാർമികവും സാമൂഹികവുമായ മര്യാദകൾ നിശ്ചയിച്ചിട്ടുണ്ട്. ഇവ യാത്രയുടെ സുരക്ഷയും സംഘടിതത്വവും ഉറപ്പാക്കൽ ലക്ഷ്യമിടുന്നു. ഇസ്‌ലാമിക നിയമം യാത്രയിൽ കൂട്ടായ്മക്കും സുരക്ഷയ്ക്കും വലിയ പ്രാധാന്യം നൽകുന്നു. ഒറ്റയ്ക്ക് യാത്ര ചെയ്യുന്നത് ഒഴിവാക്കണം എന്നുള്ളത് ഒരു സുപ്രധാന നിർദേശമാണ്:

“ഒറ്റയ്ക്ക് രാത്രി യാത്ര ചെയ്യുന്നതിൽ എന്തെല്ലാം ബുദ്ധിമുട്ടുകളാണുള്ളതെന്ന് ആളുകൾ അറിഞ്ഞിരുന്നെങ്കിൽ, ഒരു യാത്രികനും രാത്രിയിൽ ഒറ്റയ്ക്ക് യാത്ര ചെയ്യുമായിരുന്നില്ല” (ബുഖാരി).

ഒറ്റയ്ക്കുള്ള യാത്രയുടെ അപകടസാധ്യതയും അതുണ്ടാക്കുന്ന മാനസിക സമ്മർദവും കുറയ്ക്കുന്നതിനാണ് ഈ ഉപദേശം നൽകിയിരിക്കുന്നത്.

കൂടാതെ, യാത്രാ സംഘത്തിൽ ഒരാളെ നേതാവായി (അമീർ) നിയമിക്കുന്നത് സുന്നത്താണ്. ഇത് സംഘടിതത്വത്തിന് സഹായിക്കുകയും അഭിപ്രായ വ്യത്യാസങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നു. യാത്രക്കാർ തങ്ങുമ്പോൾ പല താഴ്‌വരകളിലും വഴികളിലുമായി ചിതറിപ്പോകുന്നത് പിശാചിന്റെ പ്രവൃത്തിയാണെന്ന് പ്രവാചകൻ(സ്വ) ഉപദേശിക്കുകയും അതിനുശേഷം അവർ ഒരുമിച്ചു ചേർന്ന് തങ്ങാൻ ശ്രദ്ധിക്കുകയും ചെയ്തു (അബൂദാവൂദ്).

യാത്രയിൽ പാലിക്കേണ്ട മറ്റൊരു മര്യാദയാണ്, ഉയർന്ന സ്ഥലങ്ങളിലേക്ക് കയറുമ്പോൾ ‘അല്ലാഹു അക്ബർ’ എന്നും താഴ്ന്ന സ്ഥലങ്ങളിലേക്ക് ഇറങ്ങുമ്പോൾ ‘സുബ്ഹാനല്ലാഹ്’ എന്നും പറയൽ.

“ഞങ്ങൾ ഒരു സ്ഥലത്തേക്ക് കയറുമ്പോൾ തക്ബീർ ചൊല്ലുകയും ഇറങ്ങുമ്പോൾ തസ്ബീഹ് ചൊല്ലുകയും ചെയ്യുമായിരുന്നു” (ബുഖാരി:). ഇത് സ്രഷ്ടാവിലുള്ള ആശ്രയം പ്രകടിപ്പിക്കുകയും യാത്രാ പ്രയാസങ്ങൾ ലഘൂകരിക്കുകയും ചെയ്യുന്നു.

സ്ത്രീകൾ ഒറ്റയ്ക്ക് വളരെയധികം യാത്ര ചെയ്യുന്ന ഇക്കാലത്ത് അക്കാര്യത്തിൽ ഇസ്‌ലാമികമായ വീക്ഷണം എന്താണെന്ന് അറിഞ്ഞിരിക്കേണ്ടതുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ ഇസ്‌ലാം വളരെ ശ്രദ്ധ നൽകുന്നു. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു സ്ത്രീക്ക് മഹ്റം (വിവാഹം അനുവദനീയമല്ലാത്ത ബന്ധു) ഇല്ലാതെ നിശ്ചിത ദൂരത്തിലോ അതിൽ കൂടുതലോ യാത്ര ചെയ്യുന്നത് അനുവദനീയമല്ല.

“അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു സ്ത്രീക്ക് ഒരു രാത്രിയുടെ യാത്ര, അവളോടൊപ്പം ഒരു മഹ്റം ഇല്ലാതെ അനുവദനീയമല്ല” (മുസ്‌ലിം). ഈ നിയമം, പ്രത്യേകിച്ചും പഴയ യാത്രാ സാഹചര്യങ്ങളുടെ അപകടസാധ്യതകൾ പരിഗണിക്കുമ്പോൾ, സ്ത്രീകൾക്ക് സാമൂഹിക സുരക്ഷാ കവചം ഒരുക്കുന്ന നിയമപരമായ ചട്ടക്കൂടാണ്.

ഒരു യാത്രയുടെ ലക്ഷ്യം പൂർത്തിയായാൽ, പ്രയാസം ഒഴിവാക്കാൻ കുടുംബത്തിലേക്ക് വേഗത്തിൽ മടങ്ങിയെത്താൻ പ്രവാചകൻ(സ്വ) നിർദേശിച്ചു. യാത്ര കഴിഞ്ഞ് മടങ്ങിയെത്തുന്ന ഒരാൾ വീട്ടിലേക്ക് പോകുന്നതിന് മുമ്പ് അടുത്തുള്ള പള്ളിയിൽ പോയി

രണ്ട് റക്അത്ത് നമസ്കരിക്കുന്നത് പ്രവാചകന്റെ ചര്യയാണ്. (ബുഖാരി). കുടുംബാംഗങ്ങൾക്ക് സമ്മാനങ്ങൾ കൊണ്ടുവരുന്നതും സുന്നത്താണ്.

യാത്രാക്കാരന്റെ ആത്മാർഥമായ പ്രാർഥന നിരസിക്കപ്പെടാത്തതാണ്. യാത്രയുടെ തുടക്കം മുതൽ ഒടുക്കം വരെ ചൊല്ലേണ്ടുന്ന വിവിധ പ്രാർഥനകൾ പ്രവാചകൻ(സ്വ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. യാത്ര പുറപ്പെടുമ്പോഴും യാത്രയിലുടനീളവും മടങ്ങിയെത്തുമ്പോഴുമുള്ള പ്രവാചകന്റെ പ്രാർഥനകൾ യാത്രയുടെ ആത്മീയവശം ശക്തിപ്പെടുത്തുന്നു.

**വാഹനത്തിൽ കയറുമ്പോഴുള്ള പ്രാർഥന**

വാഹനത്തിൽ കയറുമ്പോൾ മൂന്ന് തവണ 'അല്ലാഹു അക്ബർ' എന്ന് ചൊല്ലിയ ശേഷം ഈ പ്രാർഥന നിർവഹിക്കണം:

سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ ، وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ

"ഇതിനെ ഞങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്നവൻ എത്ര പരിശുദ്ധൻ. ഞങ്ങൾ സ്വന്തമായി ഇതിന് കഴിവുള്ളവരായിരുന്നില്ല. തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിലേക്ക് മടങ്ങുന്നവരാണ്" (മുസ്‌ലിം).

**യാത്ര ആരംഭിക്കുമ്പോഴുള്ള പ്രാർഥന**

ഈ പ്രാർഥനയിൽ യാത്രയിലെ നന്മ, സൂക്ഷ്മത, കുടുംബത്തിന്റെ സംരക്ഷണം, ദുരിതങ്ങളിൽ നിന്നുള്ള അഭയം എന്നിവ ഉൾപ്പെടുന്നു:

اللَّهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى ، وَمِنَ الْعَمَلِ مَا تَرْضَى ، اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ ، اللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ ، وَالْخَلِيفَةُ فِي الْأَهْلِ ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ ، وَكَآبَةِ الْمَنْظَرِ ، وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالْأَهْلِ

"അല്ലാഹുവേ, ഞങ്ങളുടെ ഈ യാത്രയിൽ നന്മയും ഭയഭക്തിയും നീ ഇഷ്ടപ്പെടുന്ന കർമങ്ങളും ഞങ്ങൾ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, ഈ യാത്ര ഞങ്ങൾക്ക് എളുപ്പമാക്കുകയും ദൂരം ചുരുക്കുകയും ചെയ്യേണമേ. അല്ലാഹുവേ, നീയാണ് യാത്രയിലെ കൂട്ടുകാരൻ, കുടുംബത്തിന്റെ സംരക്ഷകൻ. യാത്രാ ദുരിതങ്ങളിൽനിന്നും ദുഃഖകരമായ കാഴ്ചയിൽനിന്നും സമ്പത്തിലും കുടുംബത്തിലുമുള്ള മോശമായ മടങ്ങിപ്പോക്കിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു" (മുസ്‌ലിം).



കുടുംബത്തിന്റെ സംരക്ഷകൻ' എന്നീ പ്രയോഗങ്ങൾ, യാത്രക്കാരന്റെ ഉത്കണ്ഠകളെയും ഒറ്റപ്പെടലിനെയും നേരിടാൻ ധൈര്യം നൽകുന്നു. ദൈവിക സംരക്ഷണത്തിലുള്ള വിശ്വാസം മനസ്സിന് സ്ഥൈര്യം നൽകുന്നു. ഇത് യാത്രയിലെ പ്രയാസങ്ങളെ നേരിടാനുള്ള മനക്കരുത്ത് നൽകുന്നു.

**യാത്ര കഴിഞ്ഞ് മടങ്ങിയെത്തുമ്പോഴുള്ള പ്രാർഥന**

യാത്രയിൽ നിന്ന് മടങ്ങിയെത്തുമ്പോൾ; യാത്ര പുറപ്പെടുമ്പോൾ ചൊല്ലിയ ദുആയിൽ താഴെ കൊടുക്കുന്ന ഭാഗം ചേർത്തു ചൊല്ലുന്നത് സുന്നത്താണ്.

آيِبُونَ تَائِبُونَ عَابِدُونَ لِرَبِّنَا حَامِدُونَ

"ഞങ്ങൾ മടങ്ങിയെത്തിയവരാണ്, പശ്ചാത്തപിക്കുന്നവരാണ്, ആരാധിക്കുന്നവരാണ്, ഞങ്ങളുടെ റബ്ബിനെ സ്തുതിക്കുന്നവരാണ്" (ബുഖാരി, മുസ്‌ലിം).

ചില പ്രത്യേക യാത്രകൾക്ക് ഇസ്‌ലാം വലിയ പ്രതിഫലവും പദവിയും നൽകുന്നു. ഹജ്ജും ഉംറയുമാണ് ഇസ്‌ലാമിലെ ഏറ്റവും ഉന്നതമായ യാത്രാലക്ഷ്യങ്ങൾ. അതു കഴിഞ്ഞാൽ, ഇസ്‌ലാമിക പ്രബോധനത്തിനായി യാത്ര ചെയ്യുന്നത് വലിയ പുണ്യകർമമായി കണക്കാക്കപ്പെടുന്നു. ഈ യാത്രക്ക് വലിയ പ്രതിഫലം പ്രതീക്ഷിക്കാവുന്നതാണ്. ഏത് കർമത്തിന്റെയും സ്വീകാര്യത അതിന്റെ ഉദ്ദേശ്യങ്ങളെ (നിയ്യത്ത്) ആശ്രയിച്ചിരിക്കുന്നു എന്ന അടിസ്ഥാന ഹദീസ് (ബുഖാരി, മുസ്‌ലിം) ദഅ്‌വത്ത് യാത്രകൾക്ക് ആത്മീയമായി കരുത്ത് നൽകുന്നു. ഈ യാത്രകളെല്ലാം ഇബാദത്തിന്റെ സാധ്യതകൾ ഉൾക്കൊള്ളുന്നു. ഏറ്റവും ഉയർന്ന ശ്രേണിയിൽ (ഹജ്ജ്/ഇൽമ്

തേടൽ) ഉള്ളവയ്ക്ക് വലിയ പ്രതിഫലം ലഭിക്കുമ്പോൾ, ലൗകിക യാത്രകളെപ്പോലും നിരീക്ഷണത്തിലൂടെയും ചിന്തയിലൂടെയും ആത്മീയമായ ലക്ഷ്യങ്ങളുമായി ബന്ധിപ്പിക്കാൻ ക്വുർആൻ ആവശ്യപ്പെടുന്നു.

ചുരുക്കത്തിൽ, വിശുദ്ധ ക്വുർആനും പ്രവാചകവചനങ്ങളും ഇസ്‌ലാം യാത്രയെ ഒരു സന്തുലിതമായ കാഴ്ചപ്പാടോടെയാണ് സമീപിക്കുന്നത് എന്നു വ്യക്തമാക്കുന്നു. യാത്ര എന്നത് ബുദ്ധിപരമായ പര്യവേക്ഷണത്തിനുള്ള മാർഗമായി വർത്തിക്കുകയും (അൻആം 6:11, അൻകബൂത്ത് 29:20), ചരിത്രപരവും പ്രകൃതിപരവുമായ പാഠങ്ങൾ ഉൾക്കൊള്ളാൻ കൽപിക്കുകയും ചെയ്യുന്നു. വിശ്വാസിയായ ഒരാൾക്ക്, കർമപരമായ തലത്തിൽ, യാത്രയുടെ സ്വാഭാവികമായ പ്രയാസങ്ങൾ പരിഗണിച്ച് നമസ്കാരത്തിൽ ചുരുക്കൽ (ക്വസ്ർ), കൂട്ടിച്ചേർക്കൽ (ജംഅ്), റമദാൻ നോമ്പ് ഒഴിവാക്കാനുള്ള അനുമതി എന്നീ ഇളവുകൾ അല്ലാഹുവിന്റെ ദാനമായി നൽകപ്പെട്ടു.

ഇസ്‌ലാമിലെ യാത്രാമര്യാദകൾ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഒറ്റയ്ക്ക് യാത്ര ചെയ്യുന്നതിനെ നിരോധിക്കുകയും (ബുഖാരി 2998), സ്ത്രീകൾക്ക് മഹ്റം നിർബന്ധമാക്കുകയും (മുസ്‌ലിം 1339), ഒരു നേതാവിനെ (അമീർ) നിശ്ചയിക്കാൻ കൽപിക്കുകയും ചെയ്തതിലൂടെ, ഇസ്‌ലാം യാത്രയുടെ അപകടസാധ്യതകൾ ലഘൂകരിക്കുന്നതിനായി ഒരു നിയമപരവും സാമൂഹികവുമായ ചട്ടക്കൂട് സ്ഥാപിച്ചു. യാത്രയിലെ പ്രാർഥനകളാകട്ടെ, യാത്രക്കാരന് ദൈവിക കാവലും സംരക്ഷണവും നൽകിക്കൊണ്ട് അവന്റെ ഉത്കണ്ഠകളെ ശമിപ്പിക്കുന്നു. ■

സലീം പട്‌ല

**ലജ്ജയും മാന്യതയും**

ലജ്ജയും മര്യാദയും മാന്യതയും എപ്പോഴും നബി(സ്വ) കാത്തുസൂക്ഷിച്ചിരുന്നു. അവിടുന്ന് ഒരു കാര്യം വെറുത്താൽ അവിടുത്തെ മുഖത്തുനിന്ന് ഞങ്ങളത് അറിയുമെന്ന് സ്വഹാബികൾ പറയുന്നുണ്ട് (മുസ്‌ലിം).

നബി(സ്വ) ഏതെങ്കിലും വീടിന്റെ വാതിലിനടുത്തെത്തിയാൽ വാതിലിന്റെ നേരെനിൽക്കുമായിരുന്നില്ല. വലതുഭാഗത്തോ ഇടതുഭാഗത്തോ ആയിരിക്കും നിൽക്കുക (അബൂദാവൂദ്). അത്രയധികം മാന്യനായിരുന്നു റസൂൽ(സ്വ).

**സ്വഭാവം പോലെ സൗന്ദര്യവും**

ബറാഅ്(റ) പറയുന്നു: 'നബി(സ്വ) ജനങ്ങളിൽവെച്ച് ഏറ്റവും മുഖ സൗന്ദര്യമുള്ളവരും സൽസ്വഭാവിയുമായിരുന്നു...' (ബുഖാരി മുസ്‌ലിം).

**വിനയയും ലാളിത്യവും**

അനസ്(റ) പറയുന്നു: "റസൂലി(സ്വ)നെക്കാൾ പ്രിയപ്പെട്ടവരായി മറ്റാരെയും ഞങ്ങൾ കണ്ടിരുന്നില്ല. എന്നാൽ അദ്ദേഹത്തെ കാണുമ്പോൾ അവർ എഴുന്നേറ്റു നിൽക്കുമായിരുന്നില്ല. കാരണം അദ്ദേഹത്തിന് അതിഷ്ടമല്ലെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു" (തിർമിദി).

നബി(സ്വ) ആരെയെങ്കിലും ഹസ്തദാനം ചെയ്താൽ അയാൾ കൈ വിട്ടാലല്ലാതെ അവിടുന്ന് ആദ്യം കൈ വിട്ടിരുന്നില്ല. അയാൾ തിരിഞ്ഞ് പോവുകയല്ലാതെ അവിടുന്ന് ആദ്യം അയാളിൽ നിന്ന് മുഖം തിരിക്കുമായിരുന്നില്ല. കൂടെയിരിക്കുന്ന ആളെക്കാൾ കാൽമുട്ടുകൾ മുന്നോട്ട് വെക്കാതിരിക്കാൻ അവിടുന്നു ശ്രദ്ധിച്ചിരുന്നു. (തിർമിദി)

നബി(സ്വ) വീട്ടുജോലികളിൽ ഭാര്യമാരെ സഹായിക്കുമായിരുന്നു എന്നും നമസ്കാരത്തിന് സമയമായാൽ ജോലിനിർത്തി നമസ്കാരത്തിന്നായി പുറപ്പെടുമായിരുന്നുവെന്നും പത്നി ആഇശ(റ) പറയുന്നുണ്ട് (ബുഖാരി).

അനുയായികളെ കൽപ്പിക്കുകയല്ല അവർക്കൊപ്പം കൂടി പണിയെടുക്കുകയായിരുന്നു.ഖൻന്തഖ് യുദ്ധദിവസം കിടങ്ങ് കുഴിക്കാൻ റസൂൽ(സ്വ) മണൽ നീക്കുന്നതായി ഞാൻ കണ്ടു. അവിടുത്തെ വയറിന്റെ വെളുപ്പിനെ മണൽ മൂടിയിട്ടുണ്ടായിരുന്നു എന്ന് ബർറാഅ്(റ) പറയുന്നുണ്ട് (ബുഖാരി, മുസ്‌ലിം)

മദീന താമസഘട്ടത്തിലെ പള്ളിനിർമാണവേളയിൽ സ്വഹാബികളായിരുന്നു പാട്ടുപാടി കല്ലുകൾ ചുമന്നിരുന്നത്. നബി(സ്വ)യും അവരെപ്പോലെ പാട്ടുപാടി ജോലി ചെയ്തുകൊണ്ടിരുന്നതും അനസ്(റ) അനുസ്മരിക്കുന്നുണ്ട്. (ബുഖാരി, മുസ്‌ലിം).

# മുഹമ്മദ് നബി(സ്വ): സ്വഭാവവും വ്യക്തിത്വവും 02

**അമുസ്‌ലിംകളോടുള്ള സമീപനം**

അമുസ്‌ലിംകളുമായി നബി (സ്വ) മരണം വരെ നല്ലബന്ധം കാത്തുസൂക്ഷിച്ചിരുന്നു. നബി (സ്വ)യെ അമുസ്‌ലിംകൾ വിരുന്നിന് ക്ഷണിക്കുകയും അദ്ദേഹം ക്ഷണം സ്വീകരിക്കുകയും ചെയ്തതായി വ്യത്യസ്ത ഹദീസുകളിൽ വന്നിട്ടുണ്ട്. അവരുമായി സാമ്പത്തിക ഇടപാടുകൾ നടത്തിയതിന്റെ ഉദാഹരണമാണ് മരണസമയത്ത് ജൂതന്റെ അടുത്ത് പടയങ്കി പണയം വെച്ചുകൊണ്ട്ഗോതമ്പ് വാങ്ങിയ സംഭവം (ബുഖാരി).

ജൂതന്റെ മൃതദേഹം കൊണ്ടുപോകുമ്പോൾ എഴുന്നേറ്റുനിന്ന് ബഹുമാനം കാണിച്ച (ബുഖാരി, മുസ്‌ലിം) നബി(സ്വ) 'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറ് നിറക്കുന്നവൻ നമ്മിൽ പെട്ടവനല്ല' (ത്വബ്റാനി) എന്നു പറഞ്ഞിട്ടുണ്ട്. അവിടെ അയൽവാസിയുടെ മതം നോക്കണമെന്ന് പറഞ്ഞിട്ടില്ല.

നബി(സ്വ)യുടെ പലായന (ഹിജ്റ) വേളയിൽ വഴികാട്ടിയായി കൂടെയുണ്ടായിരുന്നത് മുസ്‌ലിമല്ലാത്ത ഒരാളായിരുന്നു. നബി(സ്വ)യും ഏതാനും അനുചരന്മാരും ഒരു യാത്രാമധ്യേ ഒരു വിധവയെയും അനാഥക്കുഞ്ഞുങ്ങളെയും ഭക്ഷണം നൽകി സഹായിച്ച സംഭവമുണ്ട്. നബി (സ്വ)ക്ക് വെളിപ്പെട്ട മുഅ്ജിസത്തിലൂടെ ഭക്ഷണം അധികരിക്കുന്ന അത്ഭുതം സംഭവിച്ചത് ആ സ്ത്രീ പിന്നീട് തന്റെ ഗോത്രക്കാരെ അറിയിക്കുകയും അങ്ങനെ ആ ഗോത്രക്കാർ മുഴുവൻ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. അമുസ്‌ലിമായ കുട്ടി രോഗിയായപ്പോൾ നബി (സ്വ)അവനെ സന്ദർശിക്കുകയും പ്രാർഥിക്കുകയും പിന്നെ അവൻ മുസ്‌ലിമാകുകയും ചെയ്ത സംഭവം പ്രസിദ്ധമാണ് (ബുഖാരി, മുസ്‌ലിം).

**കുഞ്ഞുങ്ങളുടെ കൂട്ടുകാരൻ**

കുഞ്ഞുങ്ങൾ ജനിക്കുന്നത് പാപികളായിട്ടല്ല; ശുദ്ധപ്രകൃതിയോടെയാണെന്ന് നബി(സ്വ) പഠിപ്പിച്ചു (ബുഖാരി, മുസ്‌ലിം). യുദ്ധഘട്ടത്തിൽ പോലും കുഞ്ഞുങ്ങൾ വധിക്കപ്പെടരുതെന്ന് അവിടുന്ന കർശനമായി താക്കീത് നൽകി (ബുഖാരി, മുസ്‌ലിം, അബൂദാവൂദ്). ചെറിയവരോട് കാരുണ്യം കാണിക്കാൻ കൽപിച്ചു (അബൂദാവൂദ്).

നബി(സ്വ) കുഞ്ഞുങ്ങളെ ചുംബിക്കുകയും മടിയിലിരുത്തി താലോലിക്കുകയും കവിളിൽ താലോടുകയും ലാളിക്കുകയും അവർക്കായി പ്രാർഥിക്കുകയും ചെയ്തിരുന്നു (ബുഖാരി, മുസ്‌ലിം, തിർമിദി).

നബി(സ്വ) കുഞ്ഞുങ്ങളെ വാഹനത്തിന് മുന്നിലും പുറകിലും ഇരുത്തി കൊണ്ടുപോകുമായിരുന്നു. പേരമക്കളെ സ്വന്തം പുറത്തിരുത്തി കളിപ്പിച്ചിരുന്നു (ബുഖാരി, മുസ്‌ലിം, തിർമിദി). കുഞ്ഞുങ്ങളായിരുന്ന ഉമ്മുഖാലിദിനെയും സൈനബിനെയും നബി(സ്വ) കളിപ്പിച്ചതും ചിരിപ്പിച്ചതും അവർ അനുസ്മരിക്കുന്നുണ്ട് (ബുഖാരി).

കുഞ്ഞുങ്ങളോട് റസൂൽ (സ്വ) കൊച്ചുവർത്തമാനങ്ങൾ പറയുമായിരുന്നു. അനസ്(റ) വിന്റെ കുഞ്ഞനിയനോട് അവൻ പോറ്റിക്കൊണ്ടിരുന്ന നുഗൈർ എന്ന് പേരുള്ള പക്ഷിക്കുഞ്ഞിന്റെ വിശേഷങ്ങൾ നബി (സ്വ) ചോദിച്ചറിയുമായിരുന്നു (മുസ്‌ലിം). വിളവെടുപ്പിലെ ആദ്യപഴം കുഞ്ഞുങ്ങൾക്കായിരുന്നു നബി(സ്വ) നൽകിയിരുന്നത് (മുസ്‌ലിം). നമസ്കരിച്ചുകൊണ്ടിരിക്കെ കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ട്അവരോടുള്ള കാരുണ്യത്താൽ നബി(സ്വ) നമസ്കാരം ലഘൂകരിച്ചതായും കുഞ്ഞിനെ എടുത്തുകൊണ്ട് നമസ്കാരത്തിന് നേതൃത്വം നൽകിയതായും ഹദീസുകളിലുണ്ട് (ബുഖാരി, മുസ്‌ലിം).

വാഹനപ്പുറത്ത് ഇരുത്തിക്കൊണ്ട്, കുട്ടിയായിരുന്ന ഇബ്നു അബ്ബാസി(റ)ന് നബി (സ്വ) നൽകിയ സാരോപദേശം പ്രസിദ്ധമാണ്. അതിലൊന്ന് ഇങ്ങനെയാണ്: "കുട്ടീ, നീ വല്ലതും ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക..."(തിർമിദി).

നബി(സ്വ)യുടെ സംരക്ഷണത്തിൽ വളർന്നിരുന്ന കുട്ടിയായിരുന്ന ഉമറുബ്നു അബൂസലമക്ക് ഭക്ഷണം കഴിക്കുന്ന വേളയിൽ നബി(സ്വ)നൽകിയ ഉപദേശം ഇങ്ങനെയായിരുന്നു: "കുട്ടീ, ഭക്ഷണ വേളയിൽ നീ ബിസ്മി ചൊല്ലുക. നിന്റെ മുമ്പിൽനിന്ന് തിന്നുക. വലതുകൈകൊണ്ട് തിന്നുക..."(ബുഖാരി).

*(തുടരും)*

ഇ. യൂസുഫ് സാഹിബ് നദുവി ഓച്ചിറ



# ഇസ്‌ലാമോഫോബിയക്ക് വളം നൽകുന്ന സ്‌കൂൾ പി.റ്റി.എകൾ

കേരളത്തിന്റെ മതേതര പാരമ്പര്യത്തെക്കുറിച്ച് നാം വാചാലരാവാറുണ്ട്. എന്നാൽ നമ്മുടെ വിദ്യാ ലയങ്ങളുടെ അകത്തളങ്ങളിൽ ഏതാനും നാളുകളായി നിശ്ശബ്ദമായി പടരുന്ന ഒരു അദൃശ്യവിഷമുണ്ട്. അത് കുട്ടികളുടെ മനസ്സുകളിൽ വർഗീയതയുടെയും വിദ്വേഷത്തിന്റെയും വിത്തുകൾ പാകുന്നുണ്ട്. അടുത്ത കാലത്തായി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വിഷം തുപ്പുന്ന ചില പ്രസ്ഥാനങ്ങളിലൂടെയും സംഘപരിവാർ അജണ്ടകളിലൂടെയും വിദ്വേഷം കടത്തിവിടാനുള്ള ശ്രമങ്ങൾ വർധിച്ചുവരുന്നു എന്നത് ഇനിയും കാണാതെ പോകരുത്.

ഈ ഇരുണ്ട യാഥാർഥ്യത്തെ പ്രതിരോധിക്കാനുള്ള നിയമപരവും ജനാധിപത്യപരവുമായ ഇടമാണ് സ്‌കൂളുകളിലെ അധ്യാപക-രക്ഷാകർതൃ സമിതി അഥവാ പി.റ്റി.എ. എന്നാൽ രക്ഷിതാക്കളിൽ ഒരു

> ഇസ്‌ലാമോഫോബിക് ആയ നിലപാടുകൾക്ക് സ്കൂൾ മാനേജ്മെന്റോ അധികൃതരോ പരോക്ഷമായി പിന്തുണ നൽകുമ്പോൾ, അതിനെ ധീരമായി ചോദ്യം ചെയ്യാനും ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാനും പി.റ്റി.എ. ഭാരവാഹിത്വമുള്ളവർക്ക് എളുപ്പത്തിൽ കഴിയുമെന്നത് അവിതർക്കിതമാണ്. ഈ നിയമപരമായ ശക്തിയാണ് രക്ഷിതാക്കൾ അവരുടെ ഉദാസീനതയിലൂടെ അവഗണിച്ച് കളയുന്നത്.

വലിയ വിഭാഗം ഈ നിർണായക വേദിയിൽനിന്ന് അകന്നുനിൽക്കുകയും, തൽഫലമായി ഇസ്‌ലാമോഫോബിയക്ക് നിശ്ശബ്ദമായി പച്ചക്കൊടി കാണിക്കുകയും ചെയ്യുന്നു എന്നത് വലിയൊരു പ്രതിസന്ധി തന്നെയാണ്.

വിദ്യാഭ്യാസത്തിന്റെ മതേതര സ്വഭാവത്തെയും ന്യൂനപക്ഷ വിഭാഗങ്ങളിൽ പെട്ട വിദ്യാർഥികളുടെ അവകാശങ്ങളെയും സംരക്ഷിക്കുന്നതിൽ രക്ഷിതാക്കളുടെ സജീവമായ 'സാന്നിധ്യം' ഒരു പ്രതിരോധ കവചമായി മാറേണ്ടതുണ്ട്. ഇതിനൊന്നും മെനക്കെടാതെ കേവലം മതിലിനപ്പുറത്തുനിന്നു മാത്രം ബാലിശമായ അഭിപ്രായങ്ങൾ മാത്രം തട്ടിവിടുന്ന മാതാപിതാക്കൾ യഥാർഥത്തിൽ നിയമപരമായ പോരാട്ടത്തിന്റെ സാധ്യതകളെ തന്നെ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ അറിവു പകരേണ്ട ഇടങ്ങൾ മാത്രമല്ല, മറിച്ച് കുട്ടികളുടെ സാമൂഹിക അവബോധവും പൗരബോധവും രൂപപ്പെടുത്തുന്ന വിളനിലങ്ങൾ കൂടിയാണവ. ഇവിടെ വർഗീയമായ ആശയങ്ങൾ കടത്തിവിടുന്നത് ഒരു തലമുറയുടെ സാമൂഹിക കെട്ടുറപ്പിനെ തകർക്കുന്ന ഗുരുതരമായ കാര്യമാണ്. കൃത്യമായ ആസൂത്രണത്തോടെയാണ് വിദ്വേഷ പ്രസ്ഥാനങ്ങൾ സ്കൂൾ തലങ്ങളിലേക്ക് അതീവ രഹസ്യമായി നുഴഞ്ഞുകയറാൻ ശ്രമിക്കുന്നത്.

വിദ്യാർഥി സംഘടനകളിലൂടെയും ചില രക്ഷാകർതൃ കൂട്ടായ്മകളിലൂടെയും ചിലപ്പോൾ അധ്യാപകർക്കിടയിലൂടെയും ഈ അജണ്ടകൾക്ക് സ്വാധീനം നേടാൻ സാധിക്കുന്നുണ്ട്. യൂണിഫോം കോഡിന്റെ പേരിലുള്ള വസ്ത്രധാരണ നിയന്ത്രണങ്ങൾ, ഭക്ഷണക്രമവുമായി ബന്ധപ്പെട്ട തർക്കങ്ങൾ, ചില ചരിത്രപാഠഭാഗങ്ങളോടുള്ള അനാവശ്യ എതിർപ്പുകൾ, ആഘോഷങ്ങൾ അടിച്ചേൽപിക്കൽ എന്നിവയെല്ലാം ഈ അജണ്ടയുടെ ഭാഗമായാണ് ഉയർന്നുവരുന്നത്. പള്ളുരുത്തിയിലെ സ്കൂളിൽ ശിരോവസ്ത്ര ധാരണവുമായി ബന്ധപ്പെട്ടുണ്ടായ വിവാദം ഇതിന് വ്യക്തമായ ഉദാഹരണമാണ്.

ഇത്തരം സന്ദർഭങ്ങളിൽ വർഗീയ പക്ഷം തങ്ങളുടെ നിലപാടുകൾ സ്കൂൾ അധികൃതരെക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമിക്കുമ്പോൾ, അതിനെ ജനാധിപത്യപരമായി ചോദ്യം ചെയ്യാനും നിയമപരമായി പ്രതിരോധിക്കാനും ഒരു മറുപക്ഷം ശക്തമായി വേണ്ടതുണ്ട്.

സ്കൂൾ പി.റ്റി.എ. സമിതികൾക്ക് നിയമപരമായ അധികാരവും ജനാധിപത്യപരമായ ദൗത്യവുമാണ് നിർവ്വഹിക്കാനുള്ളത്. പി.റ്റി.എ എന്നത് അധ്യാപകരും രക്ഷിതാക്കളും സൗഹൃദ സംഭാഷണങ്ങൾ നടത്തി ചായ കുടിച്ച് പിരിയാനുള്ള ഒരു കേവല വേദിയല്ല. മറിച്ച്, സ്കൂളിന്റെ ഭരണത്തിലും നയരൂപീകരണത്തിലും നിർണായക സ്വാധീനം ചെലുത്തുന്ന നിയമപരമായ ഒരു സംവിധാനമാണ്. വിദ്യാഭ്യാസ നിയമങ്ങൾക്കനുസൃതമായി രൂപീകരിക്കപ്പെടുന്ന ഈ സമിതിക്ക് സ്കൂളിലെ അക്കാദമികവും അടിസ്ഥാന സൗകര്യപരവുമായ വിഷയങ്ങളിൽ അന്തിമ തീരുമാനങ്ങളെടുക്കാൻ അധികാരമുണ്ട്.

ഓരോ വിദ്യാലയത്തിലെയും രക്ഷാകർത്താക്കളുടെ പൊതുസമിതിയാണ് പി.റ്റി.എ ജനറൽ ബോഡി. ഇതിൽനിന്നാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുക്കുന്നത്. ഒരു വർഗീയ തീരുമാനം അഥവാ ഭരണഘടന അനുവദിക്കുന്ന ഒരു അവകാശം ചില വിഭാഗം കുട്ടികൾക്ക് നിഷേധിക്കുന്ന ഒരു തീരുമാനം സ്കൂളിൽ നടപ്പാക്കാൻ ശ്രമിക്കുമ്പോൾ പി.റ്റി.എ.എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ ജനറൽ ബോഡി

യിലോ ഉള്ള ഒരു പ്രതിനിധിക്ക് അതിനെ ശക്തമായി ചോദ്യം ചെയ്യാനും നിയമപരമായ തടസ്സങ്ങൾ ചൂണ്ടിക്കാണിക്കാനും പ്രതിഷേധം രേഖപ്പെടുത്താനും സാധിക്കണം. (വർഗീയ അജണ്ടകളുള്ളവർ അത്തരം എതിർപ്പുകൾ നേരിടാതിരിക്കാനായി പി.റ്റി.എ സമിതികളിൽ തങ്ങൾക്ക് അനുകൂലമായി നിൽക്കാൻ സാധ്യതയുള്ളവരെ മാത്രം ഉൾപെടുത്താറുണ്ട്. അതിനു തടയിടാനായി പി.റ്റി.എ സമിതികളിൽ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും പ്രാതിനിധ്യം നൽകണമെന്ന് ആവശ്യപ്പെടാൻ രക്ഷിതാക്കൾ തയ്യാറാകണം). ഈ പ്രതിഷേധം 'മിനുട്സിൽ' രേഖപ്പെടുത്തപ്പെടുമ്പോൾ, ആ തീരുമാനം ഏകപക്ഷീയമായിരുന്നില്ല എന്നതിന്റെ നിയമപരമായ തെളിവായി അത് മാറുകയായി.

സ്കൂൾ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനു മാത്രമല്ല, പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും എല്ലാ മതസ്ഥർക്കും തുല്യത ഉറപ്പാക്കുന്നതിനും മുൻകൈയെടുക്കാൻ പി.റ്റി.എയിൽ സജീവമായ രക്ഷിതാക്കൾക്ക് സാധിക്കുന്നതാണ്.

ഇസ്‌ലാമോഫോബിക് ആയ നിലപാടുകൾക്ക് സ്കൂൾ മാനേജ്മെന്റോ അധികൃതരോ പരോക്ഷമായി പിന്തുണ നൽകുമ്പോൾ, അതിനെ ധീരമായി ചോദ്യം ചെയ്യാനും ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാനും പി.റ്റി.എ. ഭാരവാഹിത്വമുള്ളവർക്ക് എളുപ്പത്തിൽ കഴിയുമെന്നത് അവിതർക്കിതമാണ്. ഈ നിയമപരമായ ശക്തിയാണ് രക്ഷിതാക്കൾ അവരുടെ ഉദാസീനതയിലൂടെ അവഗണിച്ച് കളയുന്നത്.

**വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇസ്‌ലാമോഫോബിയ എന്നത് കുട്ടികളുടെ മതസ്വാതന്ത്ര്യത്തെയും മാനസികാരോഗ്യത്തെയും ബാധിക്കുന്ന ഒരു ഗുരുതരമായ വിഷയമാണ്. പി. റ്റി.എ സമിതികളിൽ രക്ഷിതാക്കൾ സജീവമായെങ്കിൽ മാത്രമെ, വിഷം തുപ്പുന്ന വർഗീയ അജണ്ടകൾ കുട്ടികളിൽ അടിച്ചേൽപി ക്കുന്നതിൽനിന്നും സ്കൂൾ അധികൃതരെ തടയാൻ സാധിക്കൂ. മതിൽക്കെട്ടുകൾക്ക് പുറത്തുനിന്ന് പ്രതിഷേധിക്കുന്നതും സോഷ്യൽ മീഡിയയിൽ രോഷം പ്രകടിപ്പിക്കുന്നതും മാത്രം ഒരു പ്രതിരോധ മാർഗമല്ല. നിയമപരമായ പ്രതിരോധത്തിന് 'സാന്നിധ്യം' അനിവാര്യമാണ്.**



പി.റ്റി.എ യോഗങ്ങളിൽ പങ്കെടുക്കാതെയും എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പുകളിൽ വോട്ട് രേഖപ്പെടുത്താതെയും സ്കൂളിന്റെ നയരൂപീകരണത്തിൽ ഒരിക്കലും പങ്കുചേരാതെയുമിരിക്കുക; പിന്നീട് സോഷ്യൽ മീഡിയയിലൂടെയോ ചായക്കടകളിൽ വെച്ചോ മാത്രം സ്കൂൾ അധികൃതരെ വിമർശിക്കുകയും ഇസ്‌ലാമോഫോബിക് ആയ ഒരു നിയമം സ്കൂൾ തലത്തിൽ പ്രാബല്യത്തിൽ വരുമ്പോൾ, അതിനെ എതിർക്കാൻ 'അകത്ത്' ഒരു ശബ്ദമില്ലാതെ പോവുന്നത്, വർഗീയ പക്ഷത്തിന്റെ വിജയമായി കണക്കാക്കപ്പെടുമെന്നതിൽമെന്നതിൽ സംശയമില്ല.

ഈ മൗനവും അസാന്നിധ്യവും 'ഞങ്ങൾക്ക് വിരോധമില്ല' എന്നൊരു സന്ദേശമാണ് സ്കൂൾ അധികൃതർക്ക് നൽകുന്നത്. ഇത് ഇസ്‌ലാമോഫോബിക് നയങ്ങൾ നടപ്പിലാക്കുന്നവർക്ക് കൂടുതൽ ധൈര്യം നൽകുന്നു. യഥാർഥത്തിൽ ഇസ്‌ലാമോഫോബിയക്ക് അവസരം നൽകുന്നത് പുറത്ത് നിന്നുള്ള ഈ ബാലിശമായ വിമർശനങ്ങൾ മാത്രമല്ല, മറിച്ച് നിർണായക വേളകളിലെ രക്ഷാകർത്താക്കളുടെ നിസ്സംഗത കൂടിയാണ്.

രക്ഷിതാക്കളുടെ ഇത്തരം നിസ്സംഗതകൾ ഗുരുതരമായ ധാർമികവും നിയമപരവുമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കുട്ടികളോടുള്ള നീതികേട് തന്നെയാണ്. തങ്ങളുടെ അവകാശങ്ങൾ ഹനിക്കപ്പെടുമ്പോൾ, അതിനെ ചോദ്യം ചെയ്യാനോ പ്രതിരോധിക്കാനോ ആരുമില്ലാതാവുന്നത് കുട്ടികളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നു. തന്റെ മാതാപിതാക്കൾ പോലും തനിക്കായി സംസാരിക്കാൻ കൂട്ടാക്കിയില്ല എന്ന ചിന്ത ഒരു കുട്ടിയുടെ മാനസികാരോഗ്യത്തെ ക്രമേണ പ്രതികൂലമായി ബാധിക്കും.

അതിലെല്ലാം ഉപരിയായി മതേതര സമൂഹത്തോടുള്ള ഉത്തരവാദിത്തം കൂടിയാണ് ഈ സജീവത. മുസ്‌ലിം സമുദായം മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽനിന്ന് പിന്മാറുമ്പോൾ വർഗീയ പക്ഷത്തിന് ശക്തി ലഭിക്കുമെന്നത് കാണാതിരിക്കരുത്.

വിവേചനപരമായ ഒരു തീരുമാനത്തിനെതിരെ പിന്നീട് നിയമനടപടിക്ക് പോകുമ്പോൾ, 'പി.റ്റി.എ. യോഗത്തിൽ പങ്കെടുത്തു, ശക്തമായി എതിർത്തു, എന്നാൽ ന്യൂനപക്ഷമായതിനാൽ ശബ്ദം തള്ളിക്കളഞ്ഞു' എന്ന് രേഖാമൂലം തെളിയിക്കേണ്ടതുണ്ട്. യോഗത്തിൽ പങ്കെടുക്കാത്ത ഒരാൾക്ക് ഈ തെളിവ് ഹാജരാക്കാൻ കഴിയില്ല. തെളിവുകൾ ഇല്ലാത്തവർക്ക് എവിടെയാണ് വിജയിക്കാൻ സാധിക്കുക?

ഒരു പി.റ്റി.എ ഭാരവാഹിയായി സംസാരിക്കുമ്പോൾ ലഭിക്കുന്ന ആധികാരികത ഒരിക്കലും പുറത്തു നിന്ന് വിമർശിക്കുന്ന ഒരു സാധാരണ രക്ഷിതാവിന് ലഭിക്കുന്നില്ല. നിയമപരമായ പ്രതിരോധത്തിന് സജീവ സാന്നിധ്യവും ഔദ്യോഗിക പദവിയും ആവശ്യമാണെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ!

*ഈ പ്രതിസന്ധി മറികടക്കാൻ രക്ഷിതാക്കൾ സ്വീകരിക്കേണ്ട പ്രായോഗിക ചില നടപടികൾ കുറിക്കാം:*

1. നിർണായക യോഗങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുക. വർഷത്തിലൊരിക്കൽ നടക്കുന്ന ജനറൽ ബോഡി മീറ്റിംഗുകളിലും എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പുകളിലും എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കുക.

2. ഭാരവാഹിത്വം ഏറ്റെടുക്കുക. സമയക്കുറവ് ഒരു പ്രശ്നമാണെങ്കിൽ പോലും കമ്മിറ്റികളിൽ ഒരു 'പ്രതിരോധ ശബ്ദം' ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി ഭാരവാഹിത്വം വഹിക്കുവാൻ തയ്യാറാവുക. പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ രക്ഷിതാക്കളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ സർക്കാർ തലത്തിൽത്തന്നെ നിർദേശങ്ങളുണ്ട്. അത് പഠിച്ച് മനസ്സിലാക്കി ഉപയോഗപ്പെടുത്തുക.

3. വനിതകളുടെ സജീവതയും ഈ മേഖലയിലെ ഒരു മുഖ്യ ഘടകമാണ്. കേരളത്തിലെ പി.റ്റി.എ നിയമങ്ങൾ അനുസരിച്ച്, കമ്മിറ്റിയിൽ സ്ത്രീ പ്രാതിനിധ്യവും ഉറപ്പാക്കേണ്ടതുണ്ട്. വനിതാ രക്ഷിതാക്കൾ ഇതിൽ സജീവമായി ഇടപെടുന്നത് മതപരവും ലിംഗപരവുമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് കൂടുതൽ കരുത്ത് നൽകും.

4. മതേതരസഖ്യം സംരക്ഷിക്കപ്പെടേണ്ടതും അനിവാര്യമാണ്. വർഗീയ നയങ്ങളെ എതിർക്കുന്ന വിവിധ മതസ്ഥരായ രക്ഷിതാക്കളുമായും അധ്യാപകരുമായും ചേർന്ന് ഒരു മതേതര സഖ്യമായി നിലകൊണ്ട് വിദ്വേഷ പ്രചാരണങ്ങൾക്കെതിരെ കൂട്ടായ നീക്കം നടത്താനും രക്ഷിതാവിന് സാധിക്കും.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇസ്‌ലാമോഫോബിയ എന്നത് കുട്ടികളുടെ മതസ്വാതന്ത്ര്യത്തെയും മാനസികാരോഗ്യത്തെയും ബാധിക്കുന്ന ഒരു ഗുരുതരമായ വിഷയമാണ്. പി.റ്റി.എ സമിതികളിൽ രക്ഷിതാക്കൾ സജീവമായെങ്കിൽ മാത്രമെ, വിഷം തുപ്പുന്ന വർഗീയ അജണ്ടകൾ കുട്ടികളിൽ അടിച്ചേൽപിക്കുന്നതിൽനിന്നും സ്കൂൾ അധികൃതരെ തടയാൻ സാധിക്കൂ.

മതിൽക്കെട്ടുകൾക്ക് പുറത്തുനിന്ന് പ്രതിഷേധിക്കുന്നതും സോഷ്യൽ മീഡിയയിൽ രോഷം പ്രകടിപ്പിക്കുന്നതും മാത്രം ഒരു പ്രതിരോധ മാർഗമല്ല. നിയമപരമായ പ്രതിരോധത്തിന് 'സാന്നിധ്യം' അനിവാര്യമാണ്. നമ്മുടെ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ, മതേതരത്വത്തിന്റെ വിളനിലങ്ങളായി സ്കൂളുകളെ നിലനിർത്താൻ, മാതാപിതാക്കൾ തങ്ങളുടെ നിസ്സംഗത ഉപേക്ഷിച്ച് പി.റ്റി.എ സമിതികളുടെ അകത്തളങ്ങളിൽ തന്റേടത്തോടെ, നിയമത്തിന്റെ പിൻബലത്തോടെ നിലയുറപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ അടിയന്തര ആവശ്യമാണ്. ഈ സാന്നിധ്യം വർഗീയതയുടെ വിഷവിത്തുകൾക്കെതിരെയുള്ള ഏറ്റവും ശക്തമായ, ജനാധിപത്യപരമായ പ്രതിരോധമായി മാറും. അതൊരു ധാർമിക ബാധ്യതയുമാണ്. ■



മുജീബ് ഒട്ടുമ്മൽ
: 97444 31890

ആർഎസ്എസ്: ഇന്ത്യൻ ബഹുസ്വരതയുടെ ശത്രുക്കൾ 03

# ബഹുസ്വരതയോടുള്ള ആർഎസ്എസ് സമീപനം

**ഇന്ത്യൻ ഭരണഘടനയും ബഹുസ്വരതയും**

ഇന്ത്യൻ ഭരണഘടന വൈവിധ്യങ്ങളെയും ബഹുസ്വരതയെയും സംരക്ഷിക്കുന്നതിന് വലിയ പ്രാധാന്യം നൽകുന്നുണ്ട്. 1976ലെ 42ാം ഭേദഗതിയിലൂടെ ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൻ 'മതേതരം' എന്ന വാക്ക് ചേർത്തുവെച്ചിട്ടുണ്ട്. ഭരണകൂടത്തിന് പ്രത്യേക മതമില്ല. എല്ലാ മതങ്ങളെയും ഒരുപോലെ കാണുകയും തുല്യമായ പരിഗണന നൽകുകയും ചെയ്യുക എന്നതാണ് ഇന്ത്യൻ മതേതരത്വത്തിന്റെ അടിസ്ഥാനം. ഇതിലൂടെ വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള സഹവർത്തിത്വം ഉറപ്പാക്കുകയും ചെയ്യുന്നു.

മതപരവും സാംസ്കാരികവുമായ ബഹുസ്വരതയെ നേരിട്ട് പിന്തുണക്കുന്ന പ്രധാന അവകാശങ്ങളും ഭരണഘടനയിലുണ്ട്. 14 മുതൽ 18 വരെയുള്ള അനുഛേദം സമത്വത്തിനുള്ള അവകാശമാണ്. നിയമത്തിനു മുന്നിൽ എല്ലാവരും തുല്യരാണ്. മതം, ജാതി, ലിംഗം, വർഗം, ജനനസ്ഥലം എന്നിവയുടെ അടിസ്ഥാന ത്തിൽ ഒരു പൗരനോടും വിവേചനം പാടില്ല എന്ന് അനുച്ഛേദം 15ൽ പറയുന്നു. അനുച്ഛേദം 25 മുതൽ 28 വരെയും മതസ്വാതന്ത്ര്യത്തിനുള്ള അവകാശമാണ് പരികൽപിച്ചുനൽകുന്നത്. ഓരോ പൗരനും സ്വന്തം ഇഷ്ടപ്രകാരം ഏത് മതത്തിൽ വിശ്വസിക്കാനും അത് ആചരിക്കുവാനും പ്രചരിപ്പിക്കുവാനും സ്വാതന്ത്ര്യ മുണ്ട് എന്ന് അനുച്ഛേദം 25ൽ പറയുന്നു.

അനുഛേദം 29 മുതൽ 30 വരെയുള്ളവയിൽ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളെ കുറിച്ച് ഉൽഘോഷിക്കുന്നു. അനുഛേദം 29ൽ ന്യൂനപക്ഷങ്ങളുടെ താൽപര്യങ്ങളുടെ സംരക്ഷണമാണ് വിശദീകരിച്ചിട്ടുള്ളത്. ഇന്ത്യയിലെ ഏത് പൗരനും സ്വന്തമായിട്ടുള്ള ഭാഷ, ലിപി, സംസ്കാരം എന്നിവ നിലനിർത്താനുള്ള അവകാശങ്ങളെ പ്രത്യേകം ഓർമിപ്പിക്കുന്നു. അനുച്ഛേദം മുപ്പതിലാകട്ടെ ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള അവകാശങ്ങളെ സൂചിപ്പിക്കുന്നു. മതപരവും ഭാഷാപരവുമായ ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനും ഭരണഘടന സ്വാതന്ത്ര്യം നൽകുന്നു.

22 ഭാഷകളെ അംഗീകരിച്ചുകൊണ്ട് ഭാഷാപരമായ വൈവിധ്യത്തെ ഇന്ത്യൻ ഭരണഘടന ആദരിക്കുന്നുണ്ട്.

> ഇന്ത്യയുടെ പൈതൃകവും സൗന്ദര്യവുമായ ബഹുസ്വരതയെ താത്വികമായും ദാർശനികമായും നിരാകരിക്കുന്നത് അവരുടെ പ്രത്യയശാസ്ത്ര വക്താക്കളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കും. ആർഎസ്എസും സംഘപരിവാരങ്ങളും എല്ലാകാലത്തും ഫെഡറലിസം എന്ന ആശയത്തിനെതിരായിരുന്നു. ഭരണഘടനാ നിർമാണ പ്രക്രിയയിലെ ആദ്യ തദ്ദേശീയ കാൽവയ്പ്പായ, 1928ലെ മോത്തിലാൽ നെഹ്റു റിപ്പോർട്ടിൽ ഫെഡറലിസം എന്ന ആശയം മുന്നോട്ട് വെച്ചപ്പോൾ ഹിന്ദുമഹാസഭ അതിനെ നിശിതമായി എതിർക്കുകയും യൂണിറ്ററി സംവിധാനത്തിനു വേണ്ടി വാദിക്കുകയുമാണ് ചെയ്തത്.

നാനാത്വത്തിൽ ഏകത്വം എന്ന മഹത്തായ ഇന്ത്യൻ പൈതൃകത്തെ ജ്വലിപ്പിച്ചു നിർത്തുന്ന വിധം എല്ലാ നിലയ്ക്കുമുള്ള പരിരക്ഷ ഉറപ്പ് നൽകിക്കൊണ്ടാണ് രാഷ്ട്രശിൽപികൾ ഭരണഘടന സംവിധാനിപ്പിട്ടുള്ളത്.

### ബഹുസ്വരതയോടുള്ള ആർഎസ്എസ് സമീപനം

ആർഎസ്എസിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് നടന്ന ആഘോഷത്തിൽ ഇന്ത്യയുടെ പ്രധാനമന്ത്രി അതിനെ പ്രശംസിച്ച് സംസാരിക്കുകയുണ്ടായി. എന്നാൽ ഇന്ത്യൻ ഭരണഘടനയെ നിരാകരിക്കുന്നവരാണ് അവർ എന്ന വസ്തുതയാണ് നാം മനസ്സിലാക്കുന്നത്. ഇന്ത്യയുടെ പൈതൃകവും സൗന്ദര്യവുമായ ബഹുസ്വരതയെ താത്വികമായും ദാർശനികമായും നിരാകരിക്കുന്നത് അവരുടെ പ്രത്യയശാസ്ത്ര വക്താക്കളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കും. ആർഎസ്എസും സംഘപരിവാരങ്ങളും എല്ലാ കാലത്തും ഫെഡറലിസം എന്ന ആശയത്തിനെതിരായിരുന്നു. ഭരണഘടനാ നിർമാണപ്രക്രിയയിലെ ആദ്യ തദ്ദേശീയ കാൽവയ്പ്പായ, 1928ലെ മോത്തിലാൽ നെഹ്റു റിപ്പോർട്ടിൽ ഫെഡറലിസം എന്ന ആശയം മുന്നോട്ട് വെച്ചപ്പോൾ ഹിന്ദുമഹാസഭ അതിനെ നിശിതമായി എതിർക്കുകയും യൂണിറ്ററി സംവിധാനത്തിനു വേണ്ടി വാദിക്കുകയുമാണ് ചെയ്തത്.

1961ൽ ദേശീയ ഉദ്ഗ്രഥന സമിതിക്ക് അയച്ച കത്തിൽ സംഘപരിവാര പ്രസ്ഥാനത്തിന്റ താത്വികാചാര്യനായ എംഎസ് ഗോൾവാൾക്കർ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: "ഇന്ന് നിലവിലുള്ള ഫെഡറൽ ഭരണ സംവിധാനം വിഘടന വാദത്തിന് ജന്മം നൽകുന്നു എന്ന് മാത്രമല്ല അതിനെ പോഷിപ്പിക്കുകയും ചെയ്യുന്നു. ഏക രാഷ്ട്രം എന്ന വസ്തുത അത് നിഷേധിക്കുകയും അതിനെ നശിപ്പിക്കുകയും ചെയ്യുന്നു. ഫെഡറലിസത്തെ നീക്കം ചെയ്തുകൊണ്ട് ഭരണഘടനയെ ശുദ്ധീകരിക്കേണ്ടതുണ്ട്. അതിന് പകരം ഒരു യൂണിറ്ററി ഭരണ സംവിധാനം സ്ഥാപിക്കേണ്ടതുണ്ട്."

'വിചാരധാര'യിൽ ഒന്നുകൂടി വ്യക്തമായി ഗോൾവാൾക്കർ എഴുതി: "ഭാരതമെന്ന രാഷ്ട്രത്തിന്റെ ഉള്ളിലുള്ള സ്വയംഭരണമോ അർധസ്വയംഭരണമോ ഉള്ള സ്റ്റേറ്റുകളെ പൂർണമായും നിർമാർജനം ചെയ്യുന്നതിനുള്ള ഏറ്റവും പ്രധാനവും ഫലപ്രദവുമായ കാൽവയ്പ്പ് നമ്മുടെ രാഷ്ട്രത്തിന്റെ ഭരണഘടനയിലെ ഫെഡറലിസത്തെ സംബന്ധിച്ച എല്ലാ ചർച്ചയും ആഴത്തിൽ കുഴിച്ചുമൂടുക എന്നതാണ്. നമ്മുടെ ഏകീകൃത മൈത്രിക്ക് മാറ്റം വരുത്താൻ പ്രാദേശികവും വിഭാഗീയവും ഭാഷാപരവുമായ അഭിമാനങ്ങളെ അനുവദിച്ചു കൂടാ. നമ്മുടെ ഭരണഘടനയെ പുനഃപരിശോധിക്കുകയും തിരുത്തിയെഴുതുകയും ഒരേ യൂണിറ്ററി ഭരണസംവിധാനം സ്ഥാപിക്കുകയും വേണം."

ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യത്തെ ഭരണ-രാഷ്ട്രീയ തലത്തിൽ പ്രതിഫലിപ്പിക്കുന്ന ഫെഡറലിസത്തെ മാത്രമല്ല, വികേന്ദ്രീകൃത അധികാരഘടനയെയും ജനാധിപത്യത്തെയും സാംസ്കാരിക ബഹുസ്വരതയെയുമെല്ലാം ശത്രുസ്ഥാനത്ത് പ്രതിഷ്ഠിച്ചവരാണ് ആർഎസ്എസും സംഘപരിവാരങ്ങളും.

ജനാധിപത്യ തത്ത്വങ്ങൾ അധികാര കേന്ദ്രീകരണം ഒഴിവാക്കാനാണ് ശ്രമിക്കുന്നതെങ്കിൽ ആർഎസ്എസിന്റെ പ്രത്യയശാസ്ത്രം അധികാര കേന്ദ്രീകരണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. ഈ പ്രത്യയശാസ്ത്രവും ഭരണഘടനയുടെ ആത്മാവും യോജിച്ചു പോവുകയില്ല. ഇംഗ്ലീഷ് സാഹിത്യകാരനായ ഇഎം പോസ്റ്റർ തന്റെ 'ടു ചിയേഴ്സ് ഫോർ ഡെമോക്രസി' എന്ന കൃതിയിൽ ഇങ്ങനെ പറയുന്നുണ്ട്: "ജനാധിപത്യത്തിന് രണ്ട് അഭിനന്ദനങ്ങൾ. ഒന്ന്, അത് വൈവിധ്യം അംഗീകരിക്കുന്നു. രണ്ട്, വിമർശനം അനുവദിക്കുന്നു."

വൈവിധ്യവും അഭിപ്രായവ്യത്യാസങ്ങളും ബഹുമാനിക്കപ്പെടുന്ന ജനാധിപത്യക്രമം സംഘപരിവാര രാഷ്ട്രീയത്തിന് കീഴിൽ സുരക്ഷിതമല്ല. ബഹുസ്വര സംസ്കൃതിക്ക് പകരം ഹിന്ദുത്വത്തിലൂ

ന്നിയ ഏകശില സംസ്കാരമാണ് ഇവർ അടിച്ചേൽപിക്കാൻ ശ്രമിക്കുന്നത്. ബഹുസ്വര സംസ്കാരത്തിനു നേരെ ഉയരുന്ന വെല്ലുവിളി ഏറ്റവും ഭീഷണിയുയർത്തുന്നത് ന്യൂനപക്ഷങ്ങൾക്കും അവരുടെ സാംസ്കാരിക അസ് തിത്വത്തിനും നേരെയാണ്. ന്യൂനപക്ഷങ്ങൾ, അവർ ന്യൂനപക്ഷമാണ് എന്ന ഒറ്റക്കാരണം കൊണ്ടുതന്നെ പ്രത്യേക പരിഗണനയർഹിക്കുന്നുണ്ട്.

ഒരു രാഷ്ട്രം യഥാർഥത്തിൽ സ്വതന്ത്രമാണോ എന്നറിയാനുള്ള ഏറ്റവും വ്യക്തമായ മാനദണ്ഡം അവിടെ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന സുരക്ഷിതത്വത്തിന്റെ അളവാണ് എന്ന് ബ്രിട്ടീഷ് ചരിത്രകാരനും രാഷ്ട്രതന്ത്രജ്ഞനുമായ ആക്ഷൻ പ്രഭു നിരീക്ഷിക്കുകയുണ്ടായി. ന്യൂനപക്ഷ വിഭാഗങ്ങളുടെ അഭിമാനപൂർണമായ അസ്തിത്വം അതിനാൽതന്നെ ഒരു ബഹുസ്വര സമൂഹത്തിന്റെ ആരോഗ്യത്തിന്റെ അളവുകോലാണ്.


ആർഎസ്എസിന്റെ പിൻ ഡ്രൈവിംഗ് ഭരണത്തിലൂടെ നരേന്ദ്രമോഡിയും അമിത്ഷായും കൊണ്ടുവന്ന അധിക ബില്ലുകളും അവരുടെ തനിനിറം വ്യക്തമാക്കുന്നുണ്ട്. പൗരത്വ ഭേദഗതി ബില്ല്, വഖഫ് ബില്ല്, മുത്വലാഖ്, ഏക തിരഞ്ഞെടുപ്പ് പ്രക്രിയ, അഭയാർഥി പ്രശ്നങ്ങളും പ്രതിസന്ധികളും, മുസ്‌ലിം ജനസംഖ്യാ വർധനവിന് കാരണം ബംഗ്ലാദേശ് പോലുള്ള രാജ്യങ്ങളിൽനിന്നുള്ള അവരുടെ നുഴഞ്ഞുകയറ്റമാണെന്ന അമിത് ഷായുടെ പ്രസ്താവന... ഇതെല്ലാം ആർഎസ്എസിന്റെ ബഹുസ്വരതയോടുള്ള സമീപനത്തെ വ്യക്തമാക്കുന്നുണ്ട്. ഇതല്ലാം മതേതരവിരുദ്ധമായ, തീർത്തും വിവേചനപരമായ ക്ലാസ് ലെജിസ്ലേഷൻ ആണെന്ന കാര്യത്തിൽ തർക്കമുണ്ടാവാൻ സാധ്യതയില്ല. ■




വിശുദ്ധ ക്വുർആനിൽ അല്ലാഹു അനവധി വസ്തുക്കളെ കൊണ്ട് ആണയിട്ട് വസ്തുതകൾ വിവരിക്കുന്നതായി കാണാം. ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ, രാവ്, പകൽ തുടങ്ങിയവ അതിനുദാഹരണങ്ങളാണ്. എന്നാൽ അല്ലാഹു സത്യം ചെയ്ത് പറഞ്ഞ കാര്യങ്ങളിൽ മഹത്തായതെന്ന് ക്വുർആൻ തന്നെ വിശേഷിപ്പിച്ച ഒന്നാണ് നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾ. അല്ലാഹു പറയുന്നു:

"അല്ല, നക്ഷത്രങ്ങളുടെ സ്ഥാനങ്ങളെ കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു. തീർച്ചയായും, നിങ്ങൾക്കറിയാമെങ്കിൽ-അതൊരു വമ്പിച്ച സത്യം തന്നെയാണ്. തീർച്ചയായും ഇത് ആദരണീയമായ ഒരു ക്വുർആൻ തന്നെയാകുന്നു" (56:75-77).

ക്വുർആൻ നക്ഷത്രങ്ങളെ കൊണ്ട് സത്യം ചെയ്യുന്നതിന് പകരം അവയുടെ സ്ഥാനങ്ങൾ കൊണ്ട് ആണയിട്ട് പറഞ്ഞതിലൂടെ ഒരു വലിയ ശാസ്ത്രീയ സത്യമാണ് വെളിപ്പെടുത്തുന്നത്. മനുഷ്യൻ ഒരിക്കലും നക്ഷത്രങ്ങളെ കാണുന്നില്ല എന്നതാണ് വാസ്തവം. അവയുടെ സ്ഥാനങ്ങൾ മാത്രമാണ് അവന് കാണാൻ കഴിയുന്നത്. സ്ഥാനങ്ങൾ എന്ന് പറയുന്നതും തികച്ചും ആപേക്ഷികമാണ്. നക്ഷത്രങ്ങളിൽ പലതും എത്രയോ കാലങ്ങൾക്ക് മുമ്പുതന്നെ അസ്തമിച്ച് പോയവയായിരിക്കും. ആ നക്ഷത്രങ്ങളുടെ സഞ്ചാര ഗതിയിൽ അവയിൽനിന്ന് പല സ്ഥലങ്ങളിൽ പ്രവഹിച്ച പ്രകാശങ്ങളാണ് ഇന്നും ആകാശത്ത് നക്ഷത്രങ്ങ



ഡോ. ടി. കെ. യൂസുഫ്
✆ : 9349798262

ക്വുർആൻ കഥകളിലെ ദൃഷ്ടാന്തങ്ങൾ 06

# നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾ

ളായി നാം കാണുന്നത്. അതുകൊണ്ടായിരിക്കാം ക്വുർആൻ നക്ഷത്രങ്ങൾക്ക് പകരം അവയുടെ സ്ഥാനങ്ങൾ കൊണ്ട് സത്യം ചെയ്തത്. നക്ഷത്രങ്ങളിൽനിന്ന് പുറപ്പെടുന്ന പ്രകാശകിരണങ്ങളുടെ ഭൂമിയിലേക്കുള്ള സഞ്ചാരത്തിനിടയിൽ അന്തരീക്ഷ മണ്ഡലത്തിലൂടെ കടന്ന് വരുമ്പോൾ അവയ്ക്ക് വ്യതിയാനം സംഭവിക്കുന്നതുകൊണ്ടാണ് നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതായി നമുക്ക് തോന്നുന്നത്. ഭൂമിയിലെ വായു മണ്ഡലത്തിൽനിന്ന് പുറത്ത് പോയി നക്ഷത്ര നിരീക്ഷണം നടത്തുകയാണെങ്കിൽ നക്ഷത്രങ്ങൾ മിന്നുന്നതായി കാണുകയില്ല.

ആകാശത്തിലെ നക്ഷത്രങ്ങളിൽ ഭൂമിയോട് ഏറ്റവും അടുത്ത നക്ഷത്രമായ സൂര്യൻ ഏകദേശം 150 മില്യൺ കിലോമീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്. സൂര്യനിൽനിന്നുള്ള പ്രകാശം ഭൂമിയിലെത്താൻ എട്ട് മിനിട്ടിലധികം സമയം വേണ്ടിവരും. എന്നാൽ സൂര്യൻ ഒരു സെക്കന്റിൽ 19 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുന്നതുകൊണ്ട് സൂര്യനിൽനിന്നുള്ള പ്രകാശം നമ്മിൽ എത്തുമ്പോഴേക്കും അത് പ്രസ്തുത സ്ഥാനത്തുനിന്നും പതിനായിരം കിലോമീറ്ററെങ്കിലും അകന്നിരിക്കും. കേവലം എട്ടു മിനുട്ട് പ്രകാശ ദൂരം മാത്രം അകലെയുള്ള സൂര്യന്റെ അവസ്ഥ ഇതാണെങ്കിൽ മില്യൺ കണക്കിന് പ്രകാശ വർഷങ്ങൾ അകലെയുള്ള നക്ഷത്രങ്ങളിലെ പ്രകാശം ഇവിടെയെത്തുമ്പോഴേക്കും അവയുടെ കഥ എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഈ പ്രപഞ്ചത്തിലെ കോടിക്കണക്കിന് നക്ഷത്രങ്ങളിൽ ഇതുവരെ കണ്ടെത്തിയവയിൽ ഏറ്റവും ഭാരം കൂടിയ നക്ഷത്രത്തിന് ഭൂമിയെക്കാൾ 190 ഇരട്ടി വലിപ്പമുണ്ട്. അതാകട്ടെ ഭൂമിയിൽനിന്ന് ഒരു ലക്ഷത്തി എഴുപതിനായിരം പ്രകാശവർഷം അകലെയാണ്. ഏറ്റവും വലിയ നക്ഷത്രത്തിന് സൂര്യനെക്കാൾ 500 ഇരട്ടി വലിപ്പം കാണും. ഏറ്റവും വലിയ ഗ്യാലക്സി ഭൂമിയിൽനിന്ന് ആയിരം മില്യണിലധികം പ്രകാശവർഷം അകലെയാണ്. ഭൂമിയോട് ഏറ്റവും അടുത്ത നക്ഷത്രത്തെ നോക്കുമ്പോൾ നാം കാണുന്നത് നാലു വർഷം മുമ്പ് അത് വിട്ടേച്ച് പോയ പ്രകാശമാണ്. പല നക്ഷത്രങ്ങളും ഭൂമിയിൽനിന്നും മില്യൺ കണക്കിന് അകലെയായതുകൊണ്ട് അവയുടെ സഞ്ചാര പഥങ്ങളിൽ അവ വിട്ടേച്ചുപോയ പ്രകാശം മാത്രമാണ് നാം കാണുന്നത്.

ഗോളശാസ്ത്ര വിജ്ഞാനത്തിന്റെ വളരെ ചെറിയ ഒരു ശതമാനം മാത്രമാണ് മനുഷ്യന് ഇതുവരെ ആർജിക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുകൊണ്ട് തന്നെ പ്രപഞ്ചത്തെക്കുറിച്ച് ക്വുർആൻ പറഞ്ഞ പല വസ്തുതകളും ഇന്നും നമുക്ക് അജ്ഞാതമാണ്. നക്ഷത്രങ്ങളുടെ കാര്യമെടുക്കുകയാണെങ്കിൽ പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കം വരെയുള്ള കാലഘട്ടത്തിൽ യൂറോപ്യന്മാർ വരെ വിശ്വസിച്ചിരുന്നത് അവ ആകാശത്ത് ഉറച്ചു നിൽക്കുകയാണെന്നാണ്. എന്നാൽ നക്ഷത്രങ്ങൾ പിന്നിട്ട പാതയിലെ പ്രകാശമാണ് നാം കാണുന്നത് എന്ന വസ്തുതയാണ് ക്വുർആൻ വെളിപ്പെടുത്തുന്നത്. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ക്വുർആൻ സത്യം ചെയ്ത് പറഞ്ഞ 'നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾ' എന്ന വസ്തുത ഇരുപതാം നൂറ്റാണ്ടിൽ മാത്രമാണ് ശാസ്ത്രം തെളിയിക്കുന്നത്. ക്വുർആൻ ദൈവിക വചനമാണെന്ന് വ്യക്തമാക്കുന്ന അനവധി അനിഷേധ്യ ദൃഷ്ടാന്തങ്ങളിൽ ഒന്നായി ഇതിനെയും കാണാവുന്നതാണ്.

*(തുടരും)*



അബ്ദുൽ ജബ്ബാർ മദീനി

# ശഹാദത്ത് അഥവാ സാക്ഷ്യം

**നിർവചനം, മതവിധി, തെളിവുകൾ**

*ശഹാദത്തിന്റെ നിർവചനം:* ഖണ്ഡിതമായ പ്രസ്താവനയാണ് ഭാഷാപരമായി 'ശഹാദത്ത്.' 'മുശാഹദ'യിൽനിന്ന് എടുക്കപ്പെട്ടതാണ് അത്. താൻ സാക്ഷിയാവുകയും കാണുകയും ചെയ്തതാണ് സാക്ഷി പ്രസ്താവിക്കുന്നത്. വിധി പറയുന്ന വേദിയിൽ മറ്റൊരാളുടെമേൽ ബാധ്യതയായ, അന്യന്റെ ഒരു അവകാശത്തെക്കുറിച്ച് പ്രസ്താവിക്കലാണ്, അല്ലെങ്കിൽ ചില പ്രത്യേക പദപ്രയോഗങ്ങൾകൊണ്ട് സാക്ഷി താൻ അറിഞ്ഞത് പറയലാണ് കർമശാസ്ത്ര പണ്ഡിതന്മാരുടെ അടുക്കൽ ശഹാദത്തുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. 'അശ്ഹദു' (ഞാൻ സാക്ഷ്യം വഹിക്കുന്നു), 'ശഹിദ്തു' (ഞാൻ സാക്ഷ്യം വഹിച്ചു) പോലുള്ള പദങ്ങളാണ് അവ.

**മതവിധി**

മനുഷ്യരുടെ അവകാശങ്ങളിൽ സാക്ഷ്യം ഏറ്റെടുക്കൽ ഫർദു കിഫ(സാമൂഹ്യബാധ്യത)യാകുന്നു. അതേറ്റെടുക്കുന്നവരുണ്ടായാൽ മറ്റുള്ളവർക്ക് അതു മതി; ഉദ്ദേശ്യം കരഗതമാകുന്നതിനാലാണത്. പര്യാപ്തമായവനല്ലാതെ കാണപ്പെട്ടിട്ടില്ലെങ്കിൽ സാക്ഷ്യം അവനു ഫർദു ഐൻ (വ്യക്തിഗത ബാധ്യത) ആകുന്നു. അല്ലാഹു പറഞ്ഞു: "(തെളിവ് നൽകാൻ) വിളിക്കപ്പെട്ടാൽ സാക്ഷികൾ വിസമ്മതിക്കരുത്" (ക്വുർആൻ 2: 282).

എന്നാൽ ശഹാദത്ത് നിർവഹിക്കുവാൻ ക്ഷണിക്കപ്പെട്ടാൽ അത് നിർവഹിക്കലും അത് സ്ഥാപിക്കലും വ്യക്തിഗത ബാധ്യതയാകുന്നു. അല്ലാഹു പറഞ്ഞു:

"നിങ്ങൾ സാക്ഷ്യം മറച്ചുവെക്കരുത്. ആരത് മറച്ചു വെക്കുന്നുവോ അവന്റെ മനസ്സ് പാപപങ്കിലമാകുന്നു" (ക്വുർആൻ 2: 283).

ശഹാദത്ത് മറച്ചുവെക്കുന്നവർക്കുള്ള ശക്തമായ മുന്നറിയിപ്പാകുന്നു ഇത്. ശഹാദത്ത് ഏറ്റെടുത്തവർ അതു നിർവഹിക്കുവാൻ എപ്പോഴാണോ ക്ഷണിക്കപ്പെടുന്നത് അപ്പോൾ അത് നിർവഹിക്കൽ നിർബന്ധ മാണെന്ന് ഇതറിയിക്കുന്നു.

വിധി പറയുന്ന വേദിയിൽ മറ്റൊരാളു ടെമേൽ ബാധ്യതയായ, അന്യന്റെ ഒരു അവകാശത്തെക്കുറിച്ച് പ്രസ്താവിക്കലാണ്, അല്ലെങ്കിൽ ചില പ്രത്യേക പദപ്രയോഗങ്ങൾകൊണ്ട് സാക്ഷി താൻ അറിഞ്ഞത് പറയലാണ് കർമശാസ്ത്ര പണ്ഡിതന്മാരുടെ അടുക്കൽ ശഹാദത്തുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

സാക്ഷിയെ തൊട്ട് ഉപദ്രവങ്ങൾ ഇല്ലാതാക്കുകയെന്നത് സാക്ഷ്യം ഏറ്റെടുക്കലും നിർവഹിക്കലും നിർബന്ധമാകുന്നതിനു ശർത്വാകുന്നു. അതിനാൽ അവന്റെ അഭിമാനത്തിനോ സമ്പത്തിനോ ശരീരത്തിനോ കുടുംബത്തിനോ വല്ല ക്ഷതവുമേൽക്കുമെങ്കിൽ അവന് അത് നിർബന്ധമാവുകയില്ല. തിരുനബി(സ്വ) പറഞ്ഞു: "യാതൊരു ദ്രോഹം ഏൽക്കലും ഏൽപിക്കലുമില്ല."

**മതപരമെന്നതിന്റെ തെളിവുകൾ**

വിശുദ്ധഖുർആനും തിരുസുന്നത്തും ഇജ്മാഉം ശഹാദത്ത് മതപരമാണെന്നറിയിക്കുന്നു. അല്ലാഹു പറഞ്ഞു: "(തെളിവ് നൽകാൻ) വിളിക്കപ്പെട്ടാൽ സാക്ഷികൾ വിസമ്മതിക്കരുത്" (ഖുർആൻ 2:282).

"അല്ലാഹുവിന് വേണ്ടി സാക്ഷ്യം ശരിയായി നിലനിർത്തുകയും ചെയ്യുക" (ഖുർആൻ 65:2).

"നിങ്ങൾ സാക്ഷ്യം മറച്ചുവെക്കരുത്. ആരത് മറച്ചു വെക്കുന്നുവോ അവന്റെ മനസ്സ് പാപപങ്കിലമാകുന്നു" (ഖുർആൻ 2: 283).

"നിങ്ങളിൽ പെട്ട രണ്ടു പുരുഷന്മാരെ നിങ്ങൾ സാക്ഷി നിർത്തുകയും ചെയ്യുക. ഇനി ഇരുവരും പുരുഷന്മാരായില്ലെങ്കിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന സാക്ഷികളിൽനിന്ന് ഒരു പുരുഷനും രണ്ട് സ്ത്രീകളും ആയാലും മതി" (ഖുർആൻ 2: 282).

ഇബ്നുമസ്ഊദി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാമുണ്ട്; തിരുനബി(സ്വ) പറഞ്ഞു: "താങ്കളുടെ രണ്ടു സാക്ഷികളെ ഹാജറാക്കുക. അല്ലെങ്കിൽ അവന്റെ സത്യമുണ്ട്."

ഇബ്നുഅബ്ബാസി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാമുണ്ട്; തിരുനബി(സ്വ) പറഞ്ഞു:

"വാദിയാണ് തെളിവ് ഹാജറാക്കേണ്ടത്. സത്യം ചെയ്യേണ്ടത് നിഷേധിക്കുന്നവനും."

അവകാശങ്ങൾ സ്ഥാപിക്കുവാനും ആവശ്യകത വിളിച്ചോതുന്നതിനാലും ശഹാദത്ത് മതപരമാണെന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു.

**സാക്ഷിക്ക് ഉണ്ടായിരിക്കേണ്ട നിബന്ധനകൾ**

ശഹാദത്ത് സ്വീകരിക്കപ്പെടുന്നവരിൽ താഴെ വരുന്ന കാര്യങ്ങൾ നിബന്ധനയാക്കപ്പെടും:

*1) ഇസ്‌ലാം:* "നിങ്ങളിൽനിന്നുള്ള രണ്ടു നീതിമാന്മാരെ നിങ്ങൾ സാക്ഷി നിർത്തുകയും ചെയ്യുക" (ഖുർആൻ 65:2).

"നിങ്ങൾ ഇഷ്ടപ്പെടുന്ന സാക്ഷികളിൽനിന്ന്..." (ഖുർആൻ 2:282). സത്യനിഷേധി ദീനീനിഷ്ഠനോ തൃപ്തിപ്പെടുന്നവനോ അല്ല. യാത്രയിൽ വസ്വിയ്യത്തിന്റെ വിഷയത്തിൽ വേദക്കാരിൽപെട്ട അവിശ്വാസിയുടെ സാക്ഷ്യത സ്വീകരിക്കപ്പെടും; അവരല്ലാത്തവരെ കണ്ടുകിട്ടാത്ത നിർബന്ധിതാവസ്ഥയിലാണിത്. അല്ലാഹു പറഞ്ഞു:

"സത്യവിശ്വാസികളേ, നിങ്ങളിലൊരാൾക്ക് മരണമാസന്നമായാൽ വസ്വിയ്യത്തിന്റെ സമയത്ത് നിങ്ങളിൽനിന്നുള്ള നീതിമാന്മാരായ രണ്ടുപേർ നിങ്ങൾക്കിടയിൽ സാക്ഷ്യം വഹിക്കേണ്ടതാണ്. ഇനി നിങ്ങൾ ഭൂമിയിലൂടെ യാത്രചെയ്യുന്ന സമയത്താണ് മരണവിപത്ത് നിങ്ങൾക്ക് വന്നെത്തുന്നതെങ്കിൽ (വസ്വിയ്യത്തിന് സാക്ഷികളായി) നിങ്ങളല്ലാത്തവരിൽപെട്ട രണ്ടുപേരായാലും മതി" (ഖുർആൻ 5:106).

ഇബ്നുഅബ്ബാസും വലിയ ഒരു സംഘം പണ്ഡിതന്മാരും 'അല്ലെങ്കിൽ നിങ്ങളല്ലാത്തവരിൽപെട്ട രണ്ടുപേരായാലും മതി' (5:106) എന്ന ആയത്തിന്റെ വിഷയത്തിൽ പറഞ്ഞു: 'അമുസ്‌ലിംകളിൽപെട്ട അഥവാ വേദക്കാരിൽപെട്ട.'

*2) പ്രായപൂർത്തിയും ബുദ്ധിയും:* കുട്ടിക്ക് സാക്ഷിത്വമില്ല; അവൻ ദീനീനിഷ്ഠയുള്ളവനാണെന്ന് വിശേഷിപ്പിക്കപ്പെട്ടാലും ശരി. കാരണം അവൻ ബുദ്ധി പൂർണമായി ഉറച്ചവനല്ല. അതിനാലവൻ യോഗ്യത കുറഞ്ഞവനാണ്. ഇപ്രകാരം ഭ്രാന്തന്റെയും ഭോഷ്കന്റെയും ലഹരിബാധിതന്റെയും സാക്ഷ്യവും സ്വീകരിക്കപ്പെടുകയില്ല.

കാരണം അവരുടെ സാക്ഷ്യം വിധി നടത്താനുതകുന്ന ദൃഢജ്ഞാനത്തെ പ്രദാനം ചെയ്യുന്നില്ല.

*3) സംസാരം:* ഊമയുടെ സാക്ഷ്യം സ്വീകരിക്കപ്പെടുകയില്ല. അവന്റെ ആംഗ്യം മനസ്സിലായാലും ശരി. അവനുമായി പ്രത്യേകമായുള്ള വിധികളിലാണ് നിർബന്ധ സാഹചര്യത്തിൽ അവന്റെ ആംഗ്യം സ്വീകരിക്കപ്പെടുക. എന്നാൽ അവന്റെ എഴുത്തിലൂടെ സാക്ഷ്യം നിർവഹിച്ചാൽ അതു സ്വീകരിക്കപ്പെടും; എഴുത്ത് പദപ്രയോഗങ്ങളെ അറിയിക്കുന്നു എന്നതിനാലാണത്.

*4) ഓർമ, ഉണർവ്, കൃത്യത:* അശ്രദ്ധയുള്ളവന്റെയും അബദ്ധവും മറവിയും അധികമായി പിണയുന്നവന്റെയും സാക്ഷ്യം സ്വീകരിക്കപ്പെടുകയില്ല. പിഴവിലൂടെയുള്ള സാക്ഷ്യമാകുവാൻ സാധ്യതയുള്ളതിനാൽ തന്റെ വാക്കിൽ വിശ്വാസ്യത നേടാതിരിക്കുന്നതിനാലാണത്. എന്നാൽ അബദ്ധവും മറവിയും കുറച്ചു സംഭവിക്കുന്നവരിൽനിന്ന് സാക്ഷ്യം സ്വീകരിക്കപ്പെടും. കാരണം അതിൽനിന്ന് ഒരാളും സുരക്ഷിതമാകില്ലല്ലോ.

*5) ധർമനിഷ്ഠ:* തെമ്മാടിയുടെ സാക്ഷ്യം സ്വീകരിക്കപ്പെടുകയില്ല. 'നിങ്ങളിൽനിന്നുള്ള രണ്ടു നീതിമാന്മാരെ നിങ്ങൾ സാക്ഷി നിർത്തുകയും ചെയ്യുക" (ഖുർആൻ 16:37). 'അദ്ൽ' എന്നാൽ സംശയാസ്പദമായ യാതൊന്നും ഉപരിപ്ലവമായി ഇല്ലാത്ത, മനുഷ്യത്വമുള്ള, നിർബന്ധവും ഐച്ഛികവുമായ ബാധ്യതകൾ നിർവഹിക്കുന്ന, നിഷിദ്ധങ്ങളും വെറുക്കപ്പെട്ടതുമായ കാര്യങ്ങൾ കയ്യൊഴിക്കുന്ന, ദീനിൽ നിഷ്ഠയുള്ള വ്യക്തിയാകുന്നു.

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിഖ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം)*

> 28 വർഷങ്ങൾക്കു മുമ്പ് കോഴിക്കോട്ടങ്ങാടിയിലെ ഒരു ചെറിയ ഹാളിൽ ആരംഭിച്ച പ്രൊഫഷണൽ വിദ്യാർഥി ദേശീയ സംഗമം, ഇന്ന് തിരുവിതാംകൂറും വള്ളുവനാടും സാമൂതിരിയുടെ നാടുമൊക്കെ കടന്ന് അങ്ങകലെ തുളുനാടിന്റെ തലസ്ഥാനത്തെത്തി നിൽക്കുമ്പോൾ, കാറ്റും കോളുമെല്ലാം ഭേദിച്ച് ഈ കപ്പലിന് ഇനിയുമെത്രയോ കാതങ്ങൾ താണ്ടാനുണ്ടെന്ന ഉറച്ച ബോധ്യമാണുള്ളത്. കാരണം, ഈ യാത്ര നമ്മെയേവരെയും കൊണ്ടെത്തിക്കുന്നത് നമ്മുടെ ആത്യന്തിക ലക്ഷ്യത്തിലേക്കാണല്ലോ.

**29**-ാമത് പ്രോഫ്കോൺ കഴിഞ്ഞ് ഒരാഴ്ച പിന്നിടുന്നു. ഈ ഒരെഴുത്ത് വേണോ എന്ന് കുറെ തവണ ആലോചിച്ചതാണ്. പക്ഷേ, മധുരമുള്ള അനേകമോർമകൾ തികട്ടിവന്നുകൊണ്ടിരിക്കുമ്പോൾ എഴുതാതിരിക്കാൻ കഴിയുന്നില്ല.

ഓരോ വർഷം കഴിയുംതോറും പ്രാധാന്യവും റിസൾട്ടുകളും വർധിച്ചുകൊണ്ടേയിരിക്കുന്ന ഒരു ഇവന്റാണ് പ്രോഫ്കോൺ. പരിധികളും പരിമിതികളും അതിർവരമ്പുകളും മറികടന്ന് വിദ്യാർഥി ഹൃദയങ്ങളിലേക്ക് ആഴ്ന്നിറങ്ങാനുള്ള വല്ലാത്തൊരു ശക്തിയുണ്ട് ആ മൂന്നു ദിനങ്ങൾക്ക്. അത്രമേൽ സൂക്ഷ്മമായ ഗൃഹപാഠങ്ങളും ആത്മാർഥമായ പിന്നണി പ്രവർത്തനങ്ങളും സർവോപരി അല്ലാഹുവിന്റെ വലിയ സഹായവും തന്നെയാണ് പ്രോഫ്കോണുകളെ എല്ലാക്കാലവും വ്യത്യസ്തമാക്കുന്നത്.

ചരിത്രത്തിലാദ്യമായി പ്രോഫ്കോൺ കേരളത്തിന് പുറത്ത് അവാച്യമായ പുതിയൊരധ്യായം രചിച്ചപ്പോൾ, ആ യാത്രയുടെ ആരംഭം മുതൽ മുന്നിൽ ഒട്ടേറെ വെല്ലുവിളികളായായിരുന്നു. വർഗീയ വിഷയങ്ങളിൽ നിരന്തരം മാധ്യമ ചർച്ചകളിലിടം നേടിക്കൊണ്ട് പേരുകേട്ട നാട്, മലയാളം കേട്ടാൽ മനസ്സിലാകുമെങ്കിലും സംസാരിക്കാനറിയാത്ത ഭൂരിപക്ഷം, കേരളത്തിലേതുപോലെ വലിയ സ്ഥാപ നങ്ങളോ സംവിധാനങ്ങളോ നമുക്കില്ലാത്തതിന്റെ പ്രയാസങ്ങൾ, കേരളത്തിൽനിന്ന് പങ്കെടുക്കുന്ന വിദ്യാർഥികൾക്കുള്ള ദീർഘദൂരയാത്ര, കാലാവസ്ഥയിലെ പ്രവചനാതീതമായ വ്യതിയാ

ഡോ. ഷഹബാസ് കെ അബ്ബാസ്
: 9544908473

# പ്രോഫ്കോണോർമകൾ



നങ്ങൾ തുടങ്ങി നെഗറ്റീവുകളുടെ ഒരു നീണ്ടനിര. എന്നാൽ, ഈ പ്രയാസങ്ങളെയെല്ലാം വകഞ്ഞുമാറ്റി, പ്രതീക്ഷയുടെ മന്ദമാരുതൻ എപ്പോഴും തലോടുന്നുണ്ടായിരുന്നു. ഒടുവിൽ, ഒക്ടോബർ 12 ഞായറാഴ്ച പ്രോഗ്രാം സമാപിക്കുമ്പോൾ, വിദ്യാർഥി മനസ്സുകളിലും സംഘാടകരിലും അതൊരു കുളിർമഴയായി പെയ്തിറങ്ങുകയായിരുന്നു. അൽഹംദുലില്ലാഹ്.

മൂന്നു ദിവസങ്ങളിൽ അഞ്ച് വേദികളിലായി മൂന്ന് ഭാഷകളിൽ സംഘടിപ്പിക്കപ്പെട്ട ഇവന്റ്, വിദ്യാർഥി കളുടെ പങ്കാളിത്തത്താലും അവതരിപ്പിക്കപ്പെട്ട വിഷയങ്ങളാലും ക്ഷണം സ്വീകരിച്ചെത്തിയ അതിഥികളാലും അവിടെയൊരുക്കിയ സൗകര്യങ്ങളാലും അനുകൂലമായ കാലാവസ്ഥയാലുമെല്ലാം ധന്യമായിരുന്നു. ദക്ഷിണേന്ത്യയിലെ പ്രധാന ക്യാമ്പസ് ഹബ്ബായ, പതിനായിരക്കണക്കിന് വിദ്യാർഥികൾ പഠിക്കുന്ന മംഗലാപുരം പോലുള്ള സ്ഥലങ്ങളിൽ നിങ്ങൾ ചുരുങ്ങിയത് വർഷത്തിൽ മൂന്ന് തവണയെങ്കിലും പ്രോഫ്കോൺ സംഘടിപ്പിക്കണമെന്ന ചില അതിഥികളുടെ ഫീഡ്ബാക്കാണ് ഇപ്പോഴും മനസ്സിൽ വരുന്നത്.

ഹിജാബിനെയും മതപരമായ അസ്തിത്വത്തെയും മതേതരത്വത്തിന് പുറത്ത് നിർത്താനുള്ള ബോധപൂർവമായ ശ്രമങ്ങളും, പുതിയ കാലത്ത് ക്യാമ്പസുകളിൽ നോർമലൈസ് ചെയ്യപ്പെടുന്ന തോന്നിയവാസങ്ങളും, കരിയറിനെക്കുറിച്ചും ഭാവിയെക്കുറിച്ചുമുള്ള ലക്ഷ്യബോധവും, വിദ്യാർഥികൾ അകപ്പെടാവുന്ന ചതിക്കുഴികളും, അവരുടെ വ്യക്തിജീവിതത്തിലെയും ക്യാമ്പസ്-ഹോസ്റ്റൽ ലൈഫിലെയും സൂക്ഷ്മതയും, നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വിഘാതമാകുന്ന ഫാസിസം നമ്മിലേക്കെത്തുന്ന വഴികളും തുടങ്ങി അതീവ ഗൗരവകരമായ പല വിഷയങ്ങളും പ്രോഫ്കോണിൽ അപഗ്രഥിച്ചു. വേദിയിലും പരിസരങ്ങളിലുമായി സ്ഥാപിച്ച ഫലസ്തീൻ ഐക്യദാർഢ്യ ഡിജിറ്റൽ വാളുകളും ബാനറുകളും വിദ്യാർഥികളുടെ കണ്ണുകളെ ഈറനണിയിപ്പിച്ചു.

തുടക്കം മുതലേ വ്യത്യസ്ത മെന്റർമാർക്ക് കീഴിൽ ടീമായി നടത്തിയ ലൈവ് ആക്റ്റിവിറ്റുകളും ആവേശകരമായ ക്യൂ-ബെറി ക്വിസ് മത്സരവും വൈകുന്നേരങ്ങളിലെ പ്രോഫ്കോൺ ഇടങ്ങളും ഏറെ രസകരമായ അനുഭവങ്ങളായിരുന്നു.

ഇഴയെടുപ്പമുള്ള ആത്മബന്ധവും ഇടപെടലുകളിൽ ആത്മാർഥതയുമുണ്ടെങ്കിൽ ആശയവിനിമയത്തിന് ഭാഷ ഒരു തടസ്സമേയല്ലെന്ന് തിരിച്ചറിഞ്ഞ നിമിഷങ്ങളാണ് ഈ പ്രോഫ്കോൺ സമ്മാനിച്ചത്.

28 വർഷങ്ങൾക്കു മുമ്പ് കോഴിക്കോട്ടങ്ങാടിയിലെ ഒരു ചെറിയ ഹാളിൽ ആരംഭിച്ച പ്രൊഫഷണൽ വിദ്യാർഥി ദേശീയ സംഗമം, ഇന്ന് തിരുവിതാംകൂറും വള്ളുവനാടും സാമൂതിരിയുടെ നാടുമൊക്കെ കടന്ന് അങ്ങകലെ തുളുനാടിന്റെ തലസ്ഥാനത്തെത്തി നിൽക്കുമ്പോൾ, കാറ്റും കോളുമെല്ലാം ഭേദിച്ച് ഈ കപ്പലിന് ഇനിയുമെത്രയോ കാതങ്ങൾ താണ്ടാനുണ്ടെന്ന ഉറച്ച ബോധ്യമാണുള്ളത്. കാരണം, ഈ യാത്ര നമ്മെയേവരെയും കൊണ്ടെത്തിക്കുന്നത് നമ്മുടെ ആത്യന്തിക ലക്ഷ്യത്തിലേക്കാണല്ലോ. അല്ലാഹു സഹായിക്കട്ടെ. ■

# സൂറത്തു ഖസ്വസ്വ്

കഥാകഥനം

(മക്കയിൽ അവതരിച്ചത്)

അധ്യായം 28

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

11. അവൾ അവന്റെ (മൂസായുടെ) സഹോദരിയോട് പറഞ്ഞു: 'നീ അവന്റെ പിന്നാലെ പോയി അന്വേഷിച്ചു നോക്കൂ.' അങ്ങനെ ദൂരെ നിന്ന് അവൾ അവനെ നിരീക്ഷിച്ചു. അവർ അതറിഞ്ഞിരുന്നില്ല.

12. അതിനു മുമ്പ് മുലയൂട്ടുന്ന സ്ത്രീകൾ അവന്ന് മുലകൊടുക്കുന്നതിന് നാം തടസ്സമുണ്ടാക്കിയിരുന്നു. അപ്പോൾ അവൾ (സഹോദരി) പറഞ്ഞു: 'നിങ്ങൾക്കു വേണ്ടി ഇവനെ സംരക്ഷിക്കുന്ന ഒരു വീട്ടുകാരെപ്പറ്റി ഞാൻ നിങ്ങൾക്ക് അറിവു തരട്ടെയോ? അവർ ഇവന്റെ ഗുണകാംക്ഷികളായിരിക്കുകയും ചെയ്യും.'

13. അങ്ങനെ അവന്റെ മാതാവിന്റെ കണ്ണ് കുളിർക്കുവാനും, അവൾ ദുഃഖിക്കാതിരിക്കുവാനും, അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണെന്ന് അവൾ മനസ്സിലാക്കുവാനും വേണ്ടി അവനെ നാം അവൾക്ക് തിരിച്ചേൽപിച്ചു. പക്ഷേ, അവരിൽ അധികപേരും (കാര്യം) മനസ്സിലാക്കുന്നില്ല.

14. അങ്ങനെ അദ്ദേഹം (മൂസാ) ശക്തി പ്രാപിക്കുകയും പാകത എത്തുകയും ചെയ്തപ്പോൾ അദ്ദേഹത്തിന് നാം വിവേകവും വിജ്ഞാനവും നൽകി. അപ്രകാരമാണ് സദ്‌വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്.

15. പട്ടണവാസികൾ അശ്രദ്ധരായിരുന്ന സമയത്ത് മൂസാ അവിടെ കടന്നുചെന്നു. അപ്പോൾ അവിടെ രണ്ടുപുരുഷൻമാർ പരസ്പരം പൊരുതുന്നതായി അദ്ദേഹം കണ്ടു. ഒരാൾ തന്റെ കക്ഷിയിൽ പെട്ടവൻ. മറ്റൊരാൾ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനും. അപ്പോൾ തന്റെ കക്ഷിയിൽപെട്ടവൻ തന്റെ ശത്രുവിഭാഗത്തിൽപെട്ടവന്നെതിരിൽ അദ്ദേഹത്തോട് സഹായം തേടി. അപ്പോൾ മൂസാ അവനെ മുഷ്ടിചുരുട്ടി ഇടിച്ചു. അതവന്റെ കഥ കഴിച്ചു. മൂസാ പറഞ്ഞു: 'ഇത് പിശാചിന്റെ പ്രവർത്തനത്തിൽ പെട്ടതാകുന്നു. അവൻ വ്യക്തമായും വഴിപിഴപ്പിക്കുന്ന ശത്രുതന്നെയാകുന്നു.'

وَقَالَتْ لِأُخْتِهِۦ قُصِّيهِ ۖ فَبَصُرَتْ بِهِۦ عَن
جُنُبٍ وَهُمْ لَا يَشْعُرُونَ ﴿١١﴾ ۞
وَحَرَّمْنَا عَلَيْهِ ٱلْمَرَاضِعَ مِن قَبْلُ فَقَالَتْ
هَلْ أَدُلُّكُمْ عَلَىٰٓ أَهْلِ بَيْتٍ يَكْفُلُونَهُۥ
لَكُمْ وَهُمْ لَهُۥ نَٰصِحُونَ ﴿١٢﴾
فَرَدَدْنَٰهُ إِلَىٰٓ أُمِّهِۦ كَىْ تَقَرَّ عَيْنُهَا وَلَا تَحْزَنَ
وَلِتَعْلَمَ أَنَّ وَعْدَ ٱللَّهِ حَقٌّ وَلَٰكِنَّ أَكْثَرَهُمْ
لَا يَعْلَمُونَ ﴿١٣﴾
وَلَمَّا بَلَغَ أَشُدَّهُۥ وَٱسْتَوَىٰٓ ءَاتَيْنَٰهُ حُكْمًا
وَعِلْمًا ۚ وَكَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿١٤﴾
وَدَخَلَ ٱلْمَدِينَةَ عَلَىٰ حِينِ غَفْلَةٍ مِّنْ
أَهْلِهَا فَوَجَدَ فِيهَا رَجُلَيْنِ يَقْتَتِلَانِ هَٰذَا
مِن شِيعَتِهِۦ وَهَٰذَا مِنْ عَدُوِّهِۦ ۖ فَٱسْتَغَٰثَهُ
ٱلَّذِى مِن شِيعَتِهِۦ عَلَى ٱلَّذِى مِنْ عَدُوِّهِۦ فَوَكَزَهُۥ
مُوسَىٰ فَقَضَىٰ عَلَيْهِ ۖ قَالَ هَٰذَا مِنْ عَمَلِ
ٱلشَّيْطَٰنِ ۖ إِنَّهُۥ عَدُوٌّ مُّضِلٌّ مُّبِينٌ ﴿١٥﴾

قَالَ رَبِّ إِنِّي ظَلَمْتُ نَفْسِي فَاغْفِرْ لِي فَغَفَرَ
لَهُ ۚ إِنَّهُ هُوَ الْغَفُورُ الرَّحِيمُ ١٦

16. അദ്ദേഹം പറഞ്ഞു: 'എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോടുതന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ.' അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്തുകൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

قَالَ رَبِّ بِمَا أَنْعَمْتَ عَلَيَّ فَلَنْ أَكُونَ ظَهِيرًا
لِّلْمُجْرِمِينَ ١٧

17. അദ്ദേഹം പറഞ്ഞു: 'എന്റെ രക്ഷിതാവേ, നീ എനിക്ക് അനുഗ്രഹം നൽകിയിട്ടുള്ളതുകൊണ്ട് ഇനി ഒരിക്കലും ഞാൻ കുറ്റവാളികൾക്കു സഹായം നൽകുന്നവനാവുകയില്ല.'

فَأَصْبَحَ فِي الْمَدِينَةِ خَائِفًا يَتَرَقَّبُ فَإِذَا الَّذِي
اسْتَنصَرَهُ بِالْأَمْسِ يَسْتَصْرِخُهُ ۚ قَالَ لَهُ مُوسَىٰ
إِنَّكَ لَغَوِيٌّ مُّبِينٌ ١٨

18. അങ്ങനെ അദ്ദേഹം പട്ടണത്തിൽ ഭയപ്പാടോടും കരുതലോടും കൂടി വർത്തിച്ചു. അപ്പോഴതാ തലേ ദിവസം തന്നോട് സഹായം തേടിയവൻ വീണ്ടും തന്നോട് സഹായത്തിനു മുറവിളികൂട്ടുന്നു. മൂസാ അവനോട് പറഞ്ഞു: 'നീ വ്യക്തമായും ഒരു ദുർമാർഗി തന്നെയാകുന്നു.'

فَلَمَّا أَنْ أَرَادَ أَن يَبْطِشَ بِالَّذِي هُوَ عَدُوٌّ لَّهُمَا
قَالَ يَا مُوسَىٰ أَتُرِيدُ أَن تَقْتُلَنِي كَمَا قَتَلْتَ
نَفْسًا بِالْأَمْسِ ۖ إِن تُرِيدُ إِلَّا أَن تَكُونَ جَبَّارًا فِي
الْأَرْضِ وَمَا تُرِيدُ أَن تَكُونَ مِنَ الْمُصْلِحِينَ ١٩

19. എന്നിട്ട് അവർ ഇരുവർക്കും ശത്രുവായിട്ടുള്ളവനെ പിടികൂടാൻ അദ്ദേഹം ഉദ്ദേശിച്ചപ്പോൾ അവൻ പറഞ്ഞു: 'ഹേ മൂസാ, ഇന്നലെ നീ ഒരാളെ കൊന്നതുപോലെ നീ എന്നെയും കൊല്ലാൻ ഉദ്ദേശിക്കുകയാണോ? നാട്ടിൽ ഒരു പോക്കിരിയാകാൻ മാത്രമാണ് നീ ഉദ്ദേശിക്കുന്നത്. നന്മയുണ്ടാക്കുന്നവരുടെ കൂട്ടത്തിലാകാൻ നീ ഉദ്ദേശിക്കുന്നില്ല.'

11) (അവൾ പറയുകയും ചെയ്തു) മൂസാനബിയുടെ മാതാവ്. (സഹോദരിയോട്-നീ അവന്റെ പിന്നാലെ പോയി അന്വേഷിച്ചുനോക്കൂ) നീ നിന്റെ സഹോദരനെ പിന്തുടർന്ന് പിറകെ പോവുക. അവനെ അന്വേഷിക്കുകയും ചെയ്യുക; നിന്നെ ആരും കാണാതെയും നിങ്ങൾ എന്താണ് ചെയ്യുന്നതെന്ന് മനസ്സിലാക്കാതെയും. അങ്ങനെ അവൾ പിന്തുടർന്ന് പോയി. (അങ്ങനെ ദൂരെ നിന്ന് അവൾ അവനെ നിരീക്ഷിച്ചു. അവർ അതറിഞ്ഞിരുന്നില്ല). അവന്റെ കാര്യത്തിന് വേണ്ടിയല്ലാതെ വെറുതെ കടന്നുപോകുന്ന ഒരാളെ പോലെ അവൾ പിറകെ നടന്നു. അവളുടെ നിശ്ചയദാർഢ്യവും ജാഗ്രതയുമാണത്. അവൾ അവനെ കാണുകയും ബോധപൂർവം അവരുടെ അടുക്കൽ ചെല്ലുകയും ചെയ്തിരുന്നുവെങ്കിൽ അവളാണ് അവനെ നദിയിയിൽ എറിഞ്ഞതെന്ന് വിചാരിക്കുകയും അത് ചെയ്തതിന് അവന്റെ കുടുംബത്തിന് ഒരു ശിക്ഷയായി അവനെ അറുക്കാൻ അവർ തീരുമാനിക്കുകയും ചെയ്തേക്കാം.

12) മൂസാനബിയോടും അദ്ദേഹത്തിന്റെ മാതാവിനോടും അല്ലാഹു കാണിച്ച ദയയാണ് മറ്റൊരു സ്ത്രീയുടെയും മുലപ്പാൽസ്വീകരിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ തടഞ്ഞു എന്നത്. അവർ അദ്ദേഹത്തോടുള്ള സ്നേഹം നിമിത്തം ചന്തയിലേക്ക് കൊണ്ടുപോയി. ഒരുപക്ഷേ, ആരെങ്കിലും അദ്ദേഹത്തെ തിരയുകയാണെന്ന് അവർ കരുതി. ആ സമയത്ത് സഹോദരി വന്ന് പഞ്ഞു: (അപ്പോൾ അവർ പറഞ്ഞു: നിങ്ങൾക്ക് വേണ്ടി ഇവനെ സംരക്ഷിക്കുന്ന ഒരു വീട്ടുകാരെ

പ്പറ്റി ഞാൻ നിങ്ങൾ അറിവ് തരട്ടെയോ. അവർ അവന്റെ ഗുണകാംക്ഷികൾ ആയിരിക്കുകയും ചെയ്യും) ഇതായിരുന്നു അവരുടെ ഉദ്ദേശ്യം. കാരണം അവർ അദ്ദേഹത്തെ അത്രമാത്രം ഇഷ്ടപ്പെട്ടിരുന്നു. അങ്ങനെ മുലയൂട്ടുന്ന മുഴുവൻ സ്ത്രീകളെയും അവരിൽ നിന്ന് തടഞ്ഞപ്പോൾ ആ കുട്ടി മരിച്ചു പോകുമോ എന്നും ഭയപ്പെട്ടു. ഈ വീട്ടുകാർ അവനെ നന്നായി പരിപാലിക്കുമെന്ന് പറഞ്ഞുകൊണ്ടുള്ള അവളുടെ സംസാരം അവരിൽ താൽപര്യമുണ്ടാക്കി. അവനെ ശ്രദ്ധിക്കുമെന്നും സംരക്ഷിക്കാനുള്ള ഗുണകാംക്ഷ കാണിക്കുമെന്നും അവർക്ക് തോന്നി. ഉടൻ അവൾക്കവർ മറുപടി നൽകി. അപ്പോൾ അവൾ ആ വീട്ടുകാരെക്കുറിച്ചുള്ള വിവരം നൽകി; നാം അവൾക്ക് വാഗ്ദാനം നൽകിയതുപോലെ തന്നെ. (അവനെ നാം അവർക്ക് തിരിച്ചേൽപിച്ചു). (അവളുടെ കണ്ണ് കുളിർക്കാനും ദുഃഖിക്കാതിരിക്കാനും അങ്ങനെ അവൻ അവളോടൊപ്പം സന്തോഷത്തോടെയും സമാധാനത്തോടെയും നിർഭയത്വത്തോടെയും വളരാനും അതിന് വലിയൊരു പ്രതിഫലം കൈപ്പറ്റാനും സാധിച്ചു. (അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണെന്ന് അവർ മനസ്സിലാക്കാനും) അവൾക്ക് വാഗ്ദാനം ചെയ്തതിൽ ചിലത് അവൾക്ക് കാണിച്ചുകൊടുത്തു. അവൾ അത് സ്വന്തം കണ്ണുകൾ കൊണ്ട് കണ്ടു. അങ്ങനെ അവളുടെ മനസ്സിന് സമാധാനമുണ്ടാവുകയും വിശ്വാസം വർധിക്കുകയും ചെയ്തു. അവനെ അല്ലാഹു സംരക്ഷിക്കുമെന്നും ദൂതനായി നിയമിക്കുമെന്നും അവന്റെ വാഗ്ദാനം പുലരുമെന്നും അവൾ മനസ്സിലാക്കി. (പക്ഷേ, അവരിൽ അധികപേരും മനസ്സിലാക്കുന്നില്ല) അതിനാൽ അവർ പല പ്രയാസങ്ങളിലൂടെയും കടന്നുപോവുകയാണെങ്കിൽ അത് അവരുടെ വിശ്വാസത്തെ ദുർബലമാക്കുന്നു. (ഉന്നതമായ കാര്യങ്ങളും ലക്ഷ്യങ്ങളും നേടാൻ) അതിന്റെ വഴിയിൽ അല്ലാഹു തടസ്സങ്ങളും പ്രയാസങ്ങളും സൃഷ്ടിക്കുമെന്ന് അവർ ശരിയായി മനസ്സിലാക്കിയിട്ടില്ല.

അങ്ങനെ മൂസാ(അ) ഫിർഔനിന്റെ കുടുംബത്തോടൊപ്പം താമസിച്ചു. അവരുടെ രാജകുടുംബത്തിലെ ഒരാളായി വളർന്നു. രാജകീയ വാഹനങ്ങളും വസ്ത്രങ്ങളും ഉപയോഗിച്ചു. ഉമ്മക്ക് സമാധാനം ലഭിച്ചു. മുലയൂട്ടുന്ന ബന്ധത്തിലൂടെ അവൾ അദ്ദേഹത്തിന്റെ ഉമ്മയാണെന്ന് സ്ഥിരീകരിച്ചു. അതിനാൽ അവൾ അവനോടൊപ്പം എപ്പോഴും ഉണ്ടാകുന്നതിനോ അനുകമ്പ കാണിക്കുന്നതിനോ എതിർപ്പുണ്ടായില്ല. അല്ലാഹു മൂസാനബിയോട് കാണിച്ച കാരുണ്യത്തെക്കുറിച്ച് ചിന്തിച്ചുനോക്കൂ! തന്റെ സംസാരത്തിൽ കളവ് പറയേണ്ടിവരാത്ത സാഹചര്യം അല്ലാഹു ഉണ്ടാക്കി. ഉമ്മയെന്ന് വിളിക്കാനുള്ള ഒരു ബന്ധം അല്ലാഹു അവർക്കിടയിൽ ഉണ്ടാക്കി. ജനങ്ങൾ വിചാരിച്ചത് അത് മുലകുടി ബന്ധത്തിലൂടെയുള്ള ഉമ്മയാണെന്നായിരിക്കും. അപ്പോൾ അദ്ദേഹത്തിന്റെ അധിക സംസാരങ്ങളും മറ്റുള്ളവർ പറയുന്നതും അമ്മയും മകനുമെന്ന നിലയിൽ സത്യവും യാഥാർഥ്യവുമായി.

14) (അങ്ങനെ അദ്ദേഹം-മൂസാ-ശക്തി പ്രാപിച്ചപ്പോൾ) ശക്തിയിലും ബുദ്ധിയിലും. അധികവും നാൽപതാമത്തെ വയസ്സിലായണ് അതുണ്ടാകുന്നത്. (പക്വത എത്തുകയും ചെയ്തു) അതായത്, ശാരീരിക ശക്തിയിലും പക്വതയിലും ജ്ഞാനത്തിലും പൂർണതയുടെ തലമെത്തിയപ്പോൾ. (അദ്ദേഹത്തിന് നാം വിവേകവും വിജ്ഞാനവും നൽകി) അതായത്, ശരീഅത്തിന്റെ വിധികൾ അറിയാനും ജനങ്ങൾക്കിടയിൽ ന്യായം വിധിക്കാനുമുള്ള വിവേകവും വിപുലമായ അറിവും. (അപ്രകാരമാണ് സദ്‌വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്) അല്ലാഹുവിനെ ആരാധിച്ചും അവന്റെ സൃഷ്ടികളോട് ദയ കാണിച്ചും സൽകർമങ്ങൾ ചെയ്യുന്നവർക്ക് അതിനനുസരിച്ച് നാം പ്രതിഫലം നൽകുന്നു. അവരുടെ സൽകർമങ്ങൾക്കനുസരിച്ച് അറിവും ജ്ഞാനവും നൽകുകയും ചെയ്യുന്നു. ഇത് മൂസാനബി(അ) നന്മ ചെയ്യുന്നതിന്റെ പൂർണതയെ തെളിയിക്കുന്നു.

15). (പട്ടണവാസികൾ അശ്രദ്ധരായിരുന്ന സമയത്ത് മൂസാ അവിടെ കടന്നുചെന്നു) ഉച്ചവിശ്രമത്തിന്റെ സമയത്തോ അതല്ലെങ്കിൽ മറ്റു സമയങ്ങളിലോ. ആളുകൾ അധികമായി പുറത്തിറങ്ങാത്ത സമയത്താണ് അദ്ദേഹം നഗരത്തിൽ പ്രവേശിച്ചത്. (അപ്പോൾ അവിടെ രണ്ടു പുരുഷന്മാർ പൊരുതുന്നതായി അദ്ദേഹം കണ്ടു) പരസ്പരം ഏറ്റുമുട്ടുകയും തർക്കിക്കുകയും ചെയ്യുന്നു. (ഒരാൾ തന്റെ കക്ഷിയിൽ പെട്ടവൻ) അതായത്, ബനൂഇസ്റാഈലുകാരൻ. (മറ്റൊരാൾ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനും) ഖിബ്തി. (അപ്പോൾ

തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനെതിരിൽ അദ്ദേഹത്തോട് സഹായം തേടി) അദ്ദേഹം അറിയപ്പെട്ടിരുന്നതിനാലും ഇസ്രാഈല്യനാണെന്ന് ജനങ്ങൾക്ക് അറിയാമായിരുന്നതിനാലും തന്റെ ശത്രുവിനെതിരെ സഹായിക്കാൻ തന്റെ കക്ഷിയിൽ പെട്ട ഒരാളെ അവൻ വിളിച്ചു. അദ്ദേഹം മൂസാനബി(അ)യോട് സഹായം ആവശ്യപ്പെട്ടതിൽനിന്ന് മനസ്സിലാകുന്നത് മൂസാ രാജകുടുംബത്തിൽ ഉയർന്ന സ്വാധീനം ചെലുത്തിയിരുന്നുവെന്നും പേടിക്കപ്പെടേണ്ട, അല്ലെങ്കിൽ പ്രതീക്ഷയർപ്പിക്കാൻ പറ്റുന്ന ഒരു വ്യക്തിയായിരുന്നുവെന്നുമാണ്. (അപ്പോൾ മൂസാ അവനെ മുഷ്ടി ചുരുട്ടി ഇടിച്ചു) ഇസ്റാഈ ല്യന്റെ സഹായത്തിനുള്ള അഭ്യർഥനക്ക് മറുപടിയായി അദ്ദേഹം ശത്രുവിനെ ഇടിച്ചു. മൂസാ(അ)യുടെ ശക്തിയും ഇടിയുടെ പ്രഹരവും അയാൾ മരണപ്പെടാൻ ഇടയാക്കി. മൂസാ(അ) താൻ ചെയ്തതിൽ ഖേദിച്ചുകൊണ്ട് പറഞ്ഞു: (ഇത് പിശാചിന്റെ പ്രവർത്തനങ്ങളിൽ പെട്ടതാകുന്നു. അവൻ വ്യക്തമായും വഴിപിഴപ്പിക്കുന്ന ശത്രു തന്നെയാകുന്നു) അവന്റെ വ്യക്തമായ ശത്രുതയും ആളുകളെ വഴിതെറ്റിക്കാനുള്ള അവന്റെ താൽപര്യവും കാരണമാണ് ഇത് സംഭവിച്ചത്.

(16). തന്റെ രക്ഷിതാവിനോട് അദ്ദേഹം പാപമോചനം തേടുകയും ചെയ്തു. (അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരുന്നു. അതിനാൽ നീയെനിക്ക് പൊറുത്തുതരേണമേ. അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്തുകൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണ ചെയ്യുന്നവനുമാകുന്നു) പ്രത്യേകിച്ചും എളിമയുള്ളവരോടും അവനിലേക്ക് മടങ്ങാനും പശ്ചാത്തപിക്കാനും തിടുക്കം കൂട്ടുന്നവരോടും (മൂസാ(അ) ചെയ്തതുപോലെ).

17). (പറഞ്ഞു:) മൂസാ(അ). (എന്റെ രക്ഷിതാവേ, നീ എനിക്ക് അനുഗ്രഹം നൽകിയിട്ടുള്ളതുകൊണ്ട്) പാപമോചനവും പശ്ചാത്താപവും സ്വീകരിച്ച്. ധാരാളം മറ്റനുഗ്രഹങ്ങൾ കൊണ്ടും. (ഞാൻ ഒരിക്കലും സഹായം നൽകുന്നവനാവുകയില്ല) സഹായിക്കുന്നവനും പിന്തുണക്കുന്നവനും. (കുറ്റവാളികൾക്ക്) തെറ്റിൽ ഒരാളെയും ഞാൻ സഹായിക്കില്ല. അല്ലാഹു അനുഗ്രഹം നൽകിയതിന്റെ നന്ദിയായി ഇത് മൂസാ(അ) ചെയ്ത കരാറാണ്. ഖിബ്തിയെ കൊന്നപോലെ ഒരു കുറ്റവാളിക്കും ഞാൻ സഹായം ചെയ്യില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത്, അനുഗ്രങ്ങൾ ലഭിക്കുന്നത് ഒരടിമക്ക് നന്മ ചെയ്യാനും തിന്മ ഉപേക്ഷിക്കാനും പ്രേരണയാകണം എന്നാണ്.

(18) (അങ്ങനെ) തന്റെ ശത്രുവായ ഒരാളുടെ കൊല നടന്നപ്പോൾ. (അദ്ദേഹം പട്ടണത്തിൽ ഭയപ്പാടോടും കരുതലോടും കൂടി വർത്തിച്ചു) ഫിർഔൻ ഈ വിവരം അറിഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നു ഭയം. ഇസ്റാഈല്യരിൽ മൂസാനബി(അ) അല്ലാതെ അത്തരമൊന്നു ചെയ്യാൻ ഒരാൾക്കും ധൈര്യമുണ്ടാകില്ല എന്നത് അറിയപ്പെട്ടതാണ്. ഇത്തരമൊരു സാഹചര്യത്തിൽ (തലേ ദിവസം തന്നോട് സഹായം തേടിയവൻ വീണ്ടും തന്നോട് സഹായത്തിന് മുറവിളി കൂട്ടുന്നു) അവന്റെ ശത്രുവിനെതിരായി. അതായത് മറ്റൊരു ഖിബ്തിക്ക് എതിരായി. (മൂസാ അവനോട് പറഞ്ഞു:) അവനെ ശാസിച്ചുകൊണ്ട്. (നീ വ്യക്തമായും ദുർമാർഗി തന്നെയാകുന്നു) നിന്റെ വഴികേട് വ്യക്തമാണ്.

(19). (പിടികൂടാൻ അദ്ദേഹം ഉദ്ദേശിച്ചപ്പോൾ) അതായത്, മൂസാ(അ). (അവർ ഇരുവർക്കും ശത്രുവായിട്ടുള്ളവനെ) മൂസാ(അ)യോട് മുറവിളി നടത്തി സഹായം തേടിയ വ്യക്തിയെ. അതായത്, ഖിബ്തിക്കും ഇസ്റാഈല്യനുമിടയിൽ തർക്കം നടന്നുകൊണ്ടേയിരിക്കുന്നു. മൂസാ(അ)യോട് അയാൾ സഹായം ചോദിക്കുന്നു. ഖിബ്തിയെ കൈകാര്യം ചെയ്യാനുള്ള രോഷം ഉണ്ടാവുകയും ചെയ്തപ്പോൾ. (പറഞ്ഞു:) ആ ഖിബ്തിയോട് മൂസാനബി പറഞ്ഞു; തന്നെ കൊല്ലാൻ വരുന്നതിനെ ചോദ്യം ചെയ്തുകൊണ്ട്. (ഇന്നലെ നീ ഒരാളെ കൊന്നതുപോലെ നീ എന്നെയും കൊല്ലാൻ ഉദ്ദേശിക്കുകയാണോ? നാട്ടിൽ ഒരു പോക്കിരിയാകാൻ മാത്രമാണ് നീ ഉദ്ദേശിക്കുന്നത്) കാരണം ഭൂമിയിലെ പോക്കിരിമാരുടെ ഏറ്റവും വലിയ അടയാളം എന്നത് അന്യായമായി ആളെ കൊല്ലലാണ്. (നന്മയുണ്ടാക്കുന്നവരുടെ കൂട്ടത്തിലാകാൻ നീ ഉദ്ദേശിക്കുന്നില്ല) നന്മയാണ് ഉദ്ദേശ്യമെങ്കിൽ എന്റെയും അവന്റെയും ഇടയിൽ കൊലപാതകമല്ലാത്ത മറ്റു വല്ല പരിഹാരവും ഉണ്ടാക്കുമായിരുന്നു. അയാളുടെ ഉപദേശം കാരണം അദ്ദേഹത്തെ വധത്തിൽനിന്ന് തടഞ്ഞു. ■

നസീമ വാടാനപ്പള്ളി



# മോഹം

എന്റെ റബ്ബേ...!
മോഹമുണ്ടെനിക്ക്;
ചിറകുകൾ വീശി
പറന്നുയരുമൊരു
പറവയായീടുവാൻ!
അതിന്റെ ശിരസ്സ്
നിന്നോടുള്ള
സ്നേഹമാകണം;
ഒരു ചിറകിൽ നിന്നിലുള്ള
എന്റെ പ്രതീക്ഷയും
മറ്റൊന്നിൽ നിന്നോടുള്ള ഭയവും.
ഓരോ കുതിപ്പും
നിന്നിലേക്കാവണം.
പര്യവസാനമാകട്ടെ
നിന്റെ തൃപ്തി നേടുന്നതും.
നീ പ്രകാശത്തിനു മേൽ
പ്രകാശമാണല്ലോ!
നിന്നെ കൺ നിറയെ കണ്ടു
സായൂജ്യമടയണം.
സുകൃതർക്കായി നീയൊരുക്കിയ
ശാശ്വത സ്വർഗത്തിൽ
നീ അനുഗ്രഹിച്ചവരുടെ
കൂട്ടത്തിലൊരാളായി
നിന്നെ സ്തുതിച്ച്
ആനന്ദത്തിലാറാടണം.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

44th Sharjah International Book Fair
2025 Nov. 05-16
Expo Centre, Sharjah

WISDOM BOOKS

ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ വെച്ച്
പ്രകാശനം ചെയ്യപ്പെടുന്നു




7 പുസ്തകങ്ങൾ
വ്യത്യസ്ത രചനകൾ

നിങ്ങളുടെ കോപ്പികൾ ഉറപ്പ് വരുത്തുക

peaceradio Tune to reality
WISDOM ISLAMIC ORGANIZATION
നേർപഥം വാരിക

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
25 October 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

# നിലപാടുകളിൽ കാലിടറാതെ, ഒമ്പതാം വയസ്സിലേക്ക്...



WISDOM
ISLAMIC ORGANIZATION

ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം II ഗുണകാംക്ഷയുടെ ശബ്ദം II നേരിന്റെ ആർജ്ജവം II വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ കാലം

## 2025 നവംബർ: 01 - ഡിസംബർ: 31

#Nerpathamweekly

Circulation Manager | Nerpatham Weekly | CV Complex | PV Swami Road | Chalappuram PO
Kozhikkode 673002 | Kerala | India | PH: 0495 4019437 | +91 92075 25244
mail@nerpatham.com | www.nerpatham.com